



കേരളപാഠാവലി

# മലയാളം

ഭാഗം - 2

## സ്റ്റാൻഡേർഡ് III

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

---

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

**3**

കേരളപാഠാവലി
# മലയാളം

Prepared by
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala



പ്രിയ കൂട്ടുകാരേ,

കളിയും ചിത്രംവരയും നിങ്ങൾക്കേറെ ഇഷ്ടമാണല്ലോ. വായ്ത്താരി ചൊല്ലലും കടങ്കഥ പറയലും നാടകം കളിക്കലുമെല്ലാം രസകരമായ പ്രവർത്തനങ്ങളല്ലേ?

ഇവയെല്ലാം ഏറെ ആനന്ദകരമായിത്തീരുന്നത് മാതൃഭാഷയിലാവുമ്പോഴാണ്. പാട്ടുപാടൽ, കഥപറയൽ, കവിതചൊല്ലൽ, പുസ്തകം വായിക്കൽ അങ്ങനെയങ്ങനെ നിരവധി രസകരങ്ങളായ അനുഭവങ്ങളാണ് മൂന്നാംക്ലാസിലെ മാതൃഭാഷാപഠനത്തിൽ നിങ്ങളെ കാത്തിരിക്കുന്നത്.

അഭിപ്രായപ്രകടനങ്ങൾക്കും ചർച്ചകൾക്കുമൊപ്പം സ്വന്തമായി വിവരണവും കഥയും കവിതയും എഴുതാനും അവസരമുണ്ട്. എല്ലാവർക്കും ആഹ്ലാദപൂർവം ഭാഷ പ്രയോഗിക്കാൻ സന്ദർഭം ലഭിക്കും. എല്ലാ കൂട്ടുകാരും നന്നായി പറഞ്ഞും എഴുതിയും വായിച്ചും വളരണം.

മലയാളത്തിന്റെ രസം നുണയാനും ഭാഷാപരമായ കഴിവുകൾ വളർത്താനും വഴിതുറക്കുന്ന ഒരു സാമഗ്രിയായി ഈ പാഠപുസ്തകം പ്രയോജനപ്പെടുത്താം. നിങ്ങൾക്കതു സാധിക്കും.

എല്ലാവർക്കും മനസ്സുനിറഞ്ഞ ആശംസകൾ നേരുന്നു.

സ്നേഹപൂർവം,

**ഡോ. ജയപ്രകാശ് ആർ.കെ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം

## പാഠപുസ്തക രചന
### ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. എം. വി. ഗംഗാധരൻ**
റിട്ട. സീനിയർ ലക്ചറർ,
ഡയറ്റ്, കാസർഗോഡ്

**വി. രാമൻകുട്ടി**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
വടക്കേടത്ത്, വെള്ളിനേഴി, പാലക്കാട്

**എം. വി. രാജൻ**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
അർഘ്യം, എരവിമംഗലം, മലപ്പുറം

**എം. കൃഷ്ണദാസ്**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
മുഞ്ഞക്കണ്ണി, കാരാക്കുറുശ്ശി, പാലക്കാട്

**കെ. ഹരിദാസൻ**
റിട്ട. എച്ച്.എസ്.ടി. മലയാളം,
കൂറ്റനിൽ, തച്ചംപാറ, പാലക്കാട്

**വി. എസ്. ബിന്ദു**
റിട്ട. പി.ഡി. ടീച്ചർ,
ദേവപ്രഭ, കരൂർ, തിരുവനന്തപുരം

**അച്ചുതാനന്ദ ജിനേഷ്. എൽ. വി.**
ജി.എൽ.പി.എസ്. കുന്നക്കാവ്,
മലപ്പുറം

**ഡോ. സുഷമ ബിന്ദു**
ജി.എച്ച്.എസ്. കാപ്പ്, മലപ്പുറം

**അർജുൻ. പി.**
ജി.എച്ച്.എസ്.എസ്. കോക്കൂർ,
മലപ്പുറം

**ബിന്നി ഐരാറ്റിൽ**
ഗവ. വെൽഫെയർ എൽ.പി. സ്കൂൾ,
ബേള, കാസർഗോഡ്.

**നിത. പി.**
ഒ.എ.എൽ.പി.എസ് വല്ലപ്പുഴ,
പാലക്കാട്

**രജിത രാജ്. ആർ.**
ഗവ. ടൗൺ യു.പി.എസ്,
ആറ്റിങ്ങൽ, തിരുവനന്തപുരം

### ചിത്രരചന
**ഷാജി മാത്യു പത്തനംതിട്ട, നിഷ രവീന്ദ്രൻ മഞ്ചേരി,
വിബിൻനാഥ് പാലക്കാട്, ശ്രീജ പള്ളം, ബൈജുദേവ് തിരുവനന്തപുരം,
രാജേന്ദ്രൻ കെ ജി മണ്ണാർക്കാട്, രാജി കെ.ആർ**

### രൂപകല്പന
**ശ്രീലേഷ് കുമാർ**

### അക്കാദമിക് കോ ഓർഡിനേറ്റർ

**രാജേഷ്. എസ്. വള്ളിക്കോട്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


4. അപ്പൂപ്പൻതാടി .................. 71-98

5. നമ്മളൊന്ന് .......................... 99-115

6. മാനത്തോളം ........................ 116-135




# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 4
# അപ്പൂപ്പൻതാടി



അക്ഷരം കൊത്തിയ തത്തമ്മ
ആകാശത്തുഞ്ചത്തു ചേക്കേറി
ആരാരും പോകാത്ത ദൂരങ്ങൾ
ആരാരും കാണാത്ത മേഘങ്ങൾ
അമ്പത്തൊന്നക്ഷരം കൂട്ടുണ്ട്
അമ്പിളി നക്ഷത്രം കൂട്ടുണ്ട്.

*വിജയലക്ഷ്മി*



## പയ്യേ... പയ്യേ...

പയ്യേ പയ്യേ നീയെന്താ പിന്നെ
കുട്ടിക്കു പാലു കൊടുക്കാത്തേ?
കൊടുക്കുമോ ഞാൻ കൊടുക്കുമോ ഞാൻ
പാടത്തു കറുക മൊളയ്ക്കാഞ്ഞാൽ.

കറുകേ കറുകേ നീയെന്താ പിന്നെ
പാടത്തു നേരത്തു മൊളയ്ക്കാത്തേ?
മൊളയ്ക്കുമോ ഞാൻ മൊളയ്ക്കുമോ ഞാൻ
ഇടിവെട്ടി മഴ പെയ്യാഞ്ഞാൽ.

മഴേ മഴേ നീയെന്താ പിന്നെ
കാലത്തു നേരത്തു പെയ്യാത്തേ?
പെയ്യുമോ ഞാൻ പെയ്യുമോ ഞാൻ
പൂവൻകോഴി കൂവാഞ്ഞാൽ.





കോഴീ കോഴീ  നീയെന്താ പിന്നെ
കാലത്തു നേരത്തു കൂവാത്തേ?
കൂവുമോ ഞാൻ കൂവുമോ ഞാൻ
ഞങ്ങളിലൊന്നിനെ പിടിച്ചാല്.

കുറ്ക്കാ കുറ്ക്കാ നീയെന്താ പിന്നെ
പൂവൻകോഴ്യേ പിടിച്ചത്?
പിടിക്കില്യാമോ ഞാൻ പിടിക്കില്യാമോ ഞാൻ
തിന്നണ സാധനം കണ്ടാല്.

*(നാടൻപാട്ട്)*

- നാടൻപാട്ട് താളമിട്ടുചൊല്ലൂ.
- മഴ പെയ്യാതിരുന്നാൽ ഞാനെങ്ങനെ മുളയ്ക്കും?
  ഇതു കറുകയുടെ ചോദ്യമാണ്.
  മറ്റെന്തെല്ലാം ചോദ്യങ്ങളും ഉത്തരങ്ങളുമാണ് ഈ പാട്ടിലുള്ളത്?
- ചില ചോദ്യോത്തരപ്പാട്ടുകൾ ടീച്ചർ ചൊല്ലിത്തന്നല്ലോ.
  അവ താളമിട്ടു പാടൂ.





# വേഴാമ്പൽ

മഴയില്ലാക്കാലത്ത് ആർക്കെല്ലാം എന്തെല്ലാം
ചോദ്യങ്ങൾ ചോദിക്കേണ്ടിവരും?
കവി സുഗതകുമാരിയുടെ 'വേനൽ' എന്ന
രചനയിൽനിന്നെടുത്ത ഭാഗം വായിക്കൂ.

മാനത്തുനോക്കി തപസ്സിരിക്കുന്ന വേഴാമ്പലിനെപ്പോലെ ഞാനും മേലോട്ടു നോക്കിയിരിക്കുന്നു. നട്ടുച്ച. ആകാശത്തിനു പഴുത്ത ലോഹത്തകിടിന്റെ നിറം. പൊടിമൂടിക്കെട്ടിയ വായുമണ്ഡലം. കാറ്റുപോലും എങ്ങോ പേടിച്ചൊതുങ്ങിയിരിക്കുന്നു. ഒരു കിളിയൊച്ചപോലും കേൾക്കാനില്ല. ചൂട്, ചൂട്, ചൂട്! പിളർന്ന കൊക്കുകളുമായി കാക്കകൾ മുറ്റത്തെ ഒരിത്തിരി തണലിൽ വന്നിരുന്നു പരാതി പുലമ്പുന്നു. അനാഥയായ ഭ്രാന്തിയെപ്പോലെ ഭൂമി വരണ്ട മാറുമായി വെയിലത്തു മലർന്നുകിടന്നു മയങ്ങുന്നു.





നദികൾക്കൊക്കെ ക്ഷയരോഗം. കിണറുകൾക്കൊക്കെ കണ്ണീരുറവപോലും വറ്റിത്തുടങ്ങിയിരിക്കുന്നു. തെങ്ങുകൾ പേടിച്ചു കൂപ്പുകൈകളുയർത്തി യാചിച്ചുനിൽക്കുന്നു. കൃഷിവിളകൾ വരണ്ടുചാഞ്ഞു ചാവാൻ കിടക്കുന്നു. തീപിടിച്ച കാട്ടിൽനിന്നു പറന്നുയരാൻ ശ്രമിക്കുന്ന പറവകൾ ചിറകു കുഴഞ്ഞു വീഴുന്നു. ആനക്കൂട്ടം വെള്ളം തേടിയുഴന്ന്, കാടിന്റെ അതിർത്തിയിലെത്തി നിന്നു കറങ്ങുന്നു. കാട്ടിൽ വെള്ളമില്ല. തീയുണ്ട്. നാട്ടിൽ മനുഷ്യരുണ്ട്. ആനയ്ക്ക് ഏറെയേറെ വെള്ളം വേണം. മുടിഞ്ഞ കാട്ടിലെ മുടിഞ്ഞ വെള്ളക്കുഴിയിൽ തുമ്പിക്കൈ കൊണ്ടു കുഴിച്ചുകുഴിച്ചു ചോര പൊടിഞ്ഞിട്ടും വെള്ളമില്ലാഞ്ഞ് കൊമ്പൻ ഉറക്കെ ഗർജിക്കുന്നു:
“എന്റെ കാട്ടിലെ വെള്ളമെവിടെ?”

*സുഗതകുമാരി*

- വേനലിന്റെ വിഷമം ആനയ്ക്കു മാത്രമല്ലല്ലോ. ചെടികൾ, വള്ളികൾ, മറ്റു ജന്തുക്കൾ എന്നിവയ്ക്കൊക്കെ വേനൽ കാരണം എന്തെല്ലാം ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ടാവും? ചർച്ച ചെയ്തു കണ്ടെത്തൂ.
- വേനലനുഭവക്കുറിപ്പു തയ്യാറാക്കൂ.

എല്ലായ്പ്പോഴും ദുരിതവും ദുഃഖവും
മാത്രം നൽകുന്നതാണോ വേനൽ?
ഈ കവിത വായിക്കൂ.





# വേനൽ

മഴയുടെ തേങ്ങലു മാറ്റാനങ്ങനെ
വേനൽ ചിരിച്ചൊരു വരവുണ്ട്.

ഭൂമിയിലാകെ വെയിലിൻ തുമ്പികൾ
മൂളിയിരുന്നൊരു ചിരിയുണ്ട്.

വീടും വീടിന്നകവും എല്ലാം
വെയിലു കുളിച്ചൊരു നിൽപ്പുണ്ട്.







രാവിലെയായാൽ തൊടി നിറയുംപടി
വെയിലിൻ പുഴയൊഴുകാറുണ്ട്.

ഇത്തിരിവെള്ളം കണ്ടാൽപ്പോലും
വെയിലിന്നവിടൊരു കുളിയുണ്ട്.

ഇടവഴിയുള്ളിൽ വള്ളിക്കുടിലിൽ
വെയിലിനൊരോട്ടക്കണ്ണുണ്ട്.

വൈകുന്നേരം കുന്നിൻമുകളിൽ
വെയിലിനു നല്ലൊരു കളിയുണ്ട്.

കളിയും തീർന്നു കരഞ്ഞു കലങ്ങി
വെയിലിനു പിന്നൊരു പോക്കുണ്ട്.

*എ. ജയകൃഷ്ണൻ*
*(സ്വകാര്യം)*



- കവിതയിലെ വെയിൽ ആരെപ്പോലെയെന്നാണു തോന്നിയത്?
- ടീച്ചർ ചൊല്ലിത്തന്ന 'വികൃതിമഴ' എന്ന കവിതയിലെ മഴയുടെ വികൃതികൾ ഇഷ്ടപ്പെട്ടോ? എന്തുകൊണ്ട്?
- വേനൽച്ചിത്രങ്ങൾ വരച്ച് പ്രദർശനം നടത്തൂ.

# മഴ മഴ മഴയോടു മഴ

## മഴ വരുന്നൂ, മഴ

ആകാശം കറുത്തു. തണുത്ത കാറ്റു വീശി. മരച്ചില്ലകൾ നൃത്തംവച്ചു. ആളുകൾ വീട്ടിലെത്താൻ തിടുക്കത്തിൽ നടക്കുന്നു. കരിങ്കറുപ്പനൊരു കാക്ക കരഞ്ഞുകൊണ്ടു പറക്കുന്നു. 'കാ... കാ... കാ...'

## മഴയുടെ മുന്നറിയിപ്പ്

മരങ്ങൾ അടിമുടി ഇളകിയാടി. ചില്ലകൾ ഒടിഞ്ഞുവീണു. പച്ചിലകൾ കാറ്റേറ്റു പുളഞ്ഞു. പഴുത്ത ഇലകൾ ഞെട്ടറ്റു വീണു. നിലംപറ്റിക്കിടന്ന കരിയിലകൾ കൂട്ടയോട്ടം തുടങ്ങി. അങ്ങോട്ടുമിങ്ങോട്ടും ഓടി വട്ടംകറങ്ങി കലപില ഒച്ചവച്ചു. ഒരു പശു വലിയ വാതുറന്ന് കരഞ്ഞു. 'ഇമ്പേ... ഇമ്പേ...'



## മഴയ്ക്കു വരവേല്പ്

തെങ്ങിൻതലപ്പുകൾ കാറ്റിലുലഞ്ഞു. തെങ്ങോലകൾ പാട്ടുപാടി. മഴയ്ക്കു സ്വാഗതമോതി. മഴയുടെ മുന്നറിയിപ്പുപോലെ, പാഞ്ഞുപോകുന്ന കുട്ടിയുടെ കുടപ്പുറത്ത് ഒരു മച്ചിങ്ങാ വീണു. ‘പ്ടോം.’



## മഴ അടുത്തെത്തി

മാനത്തെവിടെനിന്നോ ഒരു മഴത്തുള്ളി പടിയിറങ്ങി വന്നു. മഴ കാണാനിറങ്ങിയ പെൺകുട്ടിയുടെ കവിളിൽ മഴത്തുള്ളി പാറിവീണു. പെൺകുട്ടി കവിളിൽ വിരലുകളമർത്തി. ‘ഹായ്...’





## മഴവന്ന വരവ്

പറന്നുവീഴും മഴ.
ചരിഞ്ഞുവീഴും മഴ.
നിലം തുളയ്ക്കും മഴ.
വലിയൊരു കൂണിനു ചോട്ടിൽ
കുത്തിയിരിക്കും പോക്കാച്ചിത്തവള
സന്തോഷമറിയിച്ചു.
'പോക്രോം... പോക്രോം...'

## പെരുമഴ പെരുമഴ പേമാരി

കലമ്പൽകൂട്ടി കുത്തിയൊലിക്കും മഴ.
തുരുതുരാ വീഴുമ്പോൾ ചരൽമഴ.
പെരുംതുള്ളികളെത്തുമ്പോൾ നെല്ലിക്കാമഴ.
തുള്ളിക്കൊരുകുടം പെരുമഴ.
നിർത്താതെ പെയ്യുമ്പോൾ പേമാരി.



## മഴയിൽ കുടചൂടി നടത്തം

വലംകൈയിലൊരു
തുറന്ന കുടയും ചൂടി
മഴ തുളച്ചു നടന്നുകേറാനെന്തു രസം?
പല്ലുകളാൽ താളം കൊട്ടി
ഉച്ചത്തിൽ പാട്ടും പാടി
മഴച്ചില്ലു തകർത്തുനടക്കണം.
മഴ കൊണ്ടലിയാം.
മഴയാൽ മനം തണുക്കുമ്പോൾ
പരമാഹ്ലാദം.

## മഴയിൽ നനഞ്ഞൊട്ടുന്നു

കുടയില്ലാത്തവർ ചങ്ങാതിക്കുടയിൽ തുളച്ചുകേറും.
ഒരു കുട നിറയെ നാലു തല.
നാൽവരും നനഞ്ഞൊലിക്കും.
നടുവിൽ നടക്കുന്നവൻ ആരും കാണാതെ കുട പൂട്ടും.
നാൽവരും മഴ നനഞ്ഞൊട്ടും. പിന്നെ അവർ
ആർത്തുവിളിക്കും. 'നട നടോ... നട.'



## മഴ നിലയ്ക്കുമ്പോൾ

ആവോളം പെയ്താൽ മഴയും മെലിയും.
മഴക്കയർ മഴച്ചരടാവും. മഴച്ചരടു മഴനൂലാവും.
മഴനൂലുകൾ മഴനാരുകളാവും. മഴ നിലയ്ക്കും.
ആകാശം തെളിയും. അതു കഴിഞ്ഞാൽ
മഴക്കാഴ്ചകളും മഴക്കളികളും.

*എൻ. പി. ഹാഫിസ് മുഹമ്മദ്*
*(മഴ മഴ മഴയോടു മഴ)*

- മഴയുടെ എന്തെല്ലാം മുഖങ്ങളാണിതിൽ കാണുന്നത്? മഴച്ചിത്രങ്ങൾ വരച്ചുചേർക്കൂ.
- നിങ്ങൾ കണ്ട മഴക്കാഴ്ചകൾ എന്തെല്ലാമാണ്? കളിസ്ഥാറുള്ള മഴക്കളികൾ എന്തെല്ലാമാണ്? ചർച്ചചെയ്ത് എഴുതൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
|  നോട്ടുപുസ്തകം | • ജീവികളുടെ വേനൽ - അനുഭവരചന (വേഴാമ്പൽ)<br>• വേനൽച്ചിത്രങ്ങൾ (വേനൽ)<br>• കവിതയിൽനിന്നു കണ്ടെത്തിയ പുതിയ അർഥങ്ങൾ (വേനൽ)<br>• ഭാഷാകേളി, മഴക്കാഴ്ചകളും മഴക്കളികളും, പ്രയോഗഭംഗി, മഴച്ചിത്രങ്ങൾ, അന്തിവാനം - വരികൾ കൂട്ടിച്ചേർത്തത് (മഴ മഴ മഴയോടുമഴ) |
|  രചനാശേഖരം | • കുറിപ്പ് - ഞങ്ങളറിഞ്ഞ വേനൽ (വേഴാമ്പൽ)<br>• സ്വന്തം കവിത (വികൃതിമഴ)<br>• മഴച്ചിത്രങ്ങൾ (മെച്ചപ്പെടുത്തിയത്) |
|  ഓഡിയോ | • കവിതാലാപനം (വേനൽ)<br>• ഭാവാത്മക വായന (മഴ, മഴ, മഴയോടുമഴ)<br>• കൂട്ടിച്ചേർത്ത വരികൾ ചൊല്ലൽ (അന്തിവാനം) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
|  അസംബ്ലി | • കവിതാലാപനം - വേനൽ (ചില കുട്ടികൾക്ക് അവസരം) |
|  പ്രഭാത സർഗവേള | • സ്വയം രചിച്ച മഴക്കവിതകൾ ചൊല്ലൽ |
|  ബാലസഭ | • കവിതാലാപനം - വേനൽ (മറ്റുചില കുട്ടികൾക്ക് അവസരം) |
|  ബാലമാസിക | • സ്വന്തം കവിത (വികൃതിമഴ) |

# ഭൂമിക്കു ചന്തമേകുന്നവർ

എന്തെല്ലാം ചന്തങ്ങളാണ് നമുക്കുചുറ്റും!
എങ്ങനെയാണ് പ്രകൃതി ചന്തം തികഞ്ഞതാകുന്നത്?

## മുല്ല പൂത്തപ്പോൾ

മുല്ലപ്പന്തലിലെങ്ങും കുഞ്ഞി-
പ്പല്ലു മുളച്ചു പല്ലു മുളച്ചു
പിന്നെപ്പിന്നെ പല്ലുകളെല്ലാം
കണ്ണുമിഴിച്ചു കണ്ണുമിഴിച്ചു

*അക്കിത്തം*

- കവിത വായിച്ചപ്പോൾ എന്തു ചിത്രമാണ് മനസ്സിൽ തെളിയുന്നത്? വരയ്ക്കൂ.



പുഞ്ചിരിക്കുന്ന പൂവുകൾ,
വെള്ളിവെളിച്ചം വിതറുന്ന
മിന്നാമിനുങ്ങുകൾ, പുഞ്ചിരി പൊഴിക്കുന്ന
പൊന്നമ്പിളി. അങ്ങനെ എന്തെന്തു
സുന്ദരക്കാഴ്ചകൾ!
ഇത്തരം ചന്തമുള്ള കാഴ്ചകൾ
മാത്രമാണോ ചുറ്റുപാടിനെ
സുന്ദരമാക്കുന്നത്?
ഈ കഥ വായിക്കൂ.





# മരുന്ന്

മഞ്ഞരളിക്കൊമ്പിലെ കുഞ്ഞിപ്പൂമ്പാറ്റ
ഉണർന്നു. എണീറ്റാൽ ഉടനെ
ബെഡ്കോഫി, അതാണവളുടെ ശീലം.
ഊഞ്ഞാലാട്ടക്കാരി കിങ്ങിണിമന്ദാരം,
സദാ സെന്റുപൂശി നടക്കുന്ന
വമ്പത്തിച്ചെമ്പകം,
ചുണ്ടുചുവപ്പിച്ച പുഞ്ചിരിത്തെച്ചി
തുടങ്ങി നിരവധിപേർ
കാപ്പിയൊരുക്കി
കാത്തിരിക്കുന്നുണ്ടാവും.
ഇന്ന് ആരുടെ കാപ്പി കുടിക്കണം?
കുഞ്ഞിപ്പൂമ്പാറ്റ ആലോചിച്ചു.





ഹായ്! കിട്ടിപ്പോയ്,
നറുക്കിട്ടെടുക്കാം.
അവൾ ശംഖുപുഷ്പത്തിന്റെ
തളിരിലകളിൽ എല്ലാവരുടെയും പേരെഴുതി.
ഡപ്പിയിലിട്ടു കുലുക്കി.
കരിയില ചിക്കുന്ന പൂത്താങ്കീരി നറുക്കെടുത്തു.
"ആരാ?" കുഞ്ഞിപ്പൂമ്പാറ്റ എത്തിനോക്കി.





"സുന്ദരിമുല്ല!"
"അതു വേണോ?
അവൾ അല്പം അഹങ്കാരിയാണ്."
കുഞ്ഞിപ്പൂമ്പാറ്റയ്ക്കു സംശയമായി.
"അല്ലെങ്കിൽ പോട്ടെ,
ഇന്നവളുടെ കാപ്പി തന്നെയാവാം."
കുഞ്ഞിപ്പൂമ്പാറ്റ സുന്ദരിമുല്ലയുടെ
അടുത്തെത്തി.
വെളുവെളുത്ത സുന്ദരിമുല്ല
ചുകചുകന്നിരിക്കുന്നു.
"അയ്യോ! ഇതെന്തു പറ്റി?"
"ഒന്നും പറയേണ്ട, ഒരു ചെങ്കണ്ണ്."
സുന്ദരിമുല്ല വേദനകൊണ്ടു പുളഞ്ഞു.

"ഞാനിപ്പോൾ വരാം." കുഞ്ഞിപ്പൂമ്പാറ്റ
ചെമ്പരത്തിവൈദ്യരുടെ അടുത്തേയ്ക്കോടി.
"എന്തുപറ്റി? എന്തുപറ്റി?"
പൂമ്പാറ്റയുടെ ഓട്ടംകണ്ട് കുറുമ്പിത്തേനീച്ചയും
ഈച്ചഭാഗവതരും തേൻവണ്ടും കൂടെക്കൂടി.
ചെമ്പരത്തിവൈദ്യരെ എല്ലാവർക്കും
വലിയ ബഹുമാനമാണ്.
"നാലു തെങ്ങിൻപൂവ്
ആറു നന്ത്യാർവട്ടത്തിന്റെ മൊട്ട്
കരിനൊച്ചിയില ഒന്ന്."
വൈദ്യർ പറഞ്ഞുതീരേണ്ട താമസം
വണ്ട് തെങ്ങിൻപൂവു കൊണ്ടുവന്നു.





തേനീച്ച നന്ത്യാർവട്ടത്തിന്റെ
മൊട്ടു കൊണ്ടുവന്നു.
കരിനൊച്ചിയില കൊണ്ടുവന്നത്
ഈച്ചയാണ്.
വൈദ്യർ മരുന്നുണ്ടാക്കി.
സുന്ദരിമുല്ലയുടെ അരികിൽ വട്ടം
കൂടി നിൽക്കുന്നു,
ചെമ്പകവും പിച്ചകവും
തൊടിയിലെ മറ്റു പൂക്കളും.

“എല്ലാവരും ഒന്നു മാറൂ..” ചെമ്പരത്തി ശബ്ദമുയർത്തി.
സുന്ദരിമുല്ലയുടെ കണ്ണിൽ മരുന്നിറ്റിച്ചു, വൈദ്യർ.
അവളുടെ കണ്ണിൽനിന്നു കണ്ണുനീർ ഇറ്റിറ്റു വീണു.





സുന്ദരിയുടെ തേങ്ങൽ കേട്ട്
മുറ്റമടിക്കുന്ന കാക്കമ്മ
ചാഞ്ഞും ചരിഞ്ഞും നോക്കി.
ചപ്പില ചിക്കുന്ന കോഴിയമ്മ
കുഞ്ഞുങ്ങളെ
ചിറകിനടിയിലൊളിപ്പിച്ചു.

"ഇനി എല്ലാവരും പൊയ്ക്കൊള്ളൂ.
നാളേയ്ക്ക് എല്ലാം ഭേദമാവും."
വൈദ്യർ എല്ലാവരോടുമായി
പറഞ്ഞു.

നേരം സന്ധ്യയായി.
സുന്ദരി കണ്ണുമിഴിച്ചു.
"വല്ലാത്ത നീറ്റൽ."
അമ്പിളിമാമൻ അല്പം
നിലാവെടുത്ത്
സുന്ദരിമുല്ലയുടെ
കണ്ണിലിറ്റിച്ചു.



പിറ്റേന്നു കാലത്തുണർന്നപ്പോൾ
മുല്ലപ്പന്തലിൽ
ആയിരം വെള്ളിനക്ഷത്രങ്ങൾ
ഊഞ്ഞാലാടുന്നുണ്ടായിരുന്നു.

- സുന്ദരിമുല്ലയുടെ കൂട്ടുകാർ ചെയ്ത പ്രവൃത്തി നിങ്ങൾക്ക് ഇഷ്ടപ്പെട്ടുവോ? എന്തുകൊണ്ട്?
- ഇതു വായിച്ചപ്പോൾ നിങ്ങളുടെ ജീവിതത്തിലെ ഏതെങ്കിലും അനുഭവം ഓർമ്മ വന്നുവോ? പറയൂ.
- നിങ്ങൾ ഇത്തരത്തിൽ മറ്റുള്ളവരെ സഹായിച്ച അനുഭവം പറയൂ.
- വമ്പത്തിച്ചെമ്പകം, സുന്ദരിമുല്ല എന്നൊക്കെ വിശേഷിപ്പിച്ചു പറയുമ്പോൾ ചെമ്പകത്തിന്റെയും മുല്ലയുടെയും എന്തെല്ലാം പ്രത്യേകതകളാണ് തെളിഞ്ഞുവരുന്നത്? ഇതുപോലെ മറ്റെന്തിനെയെല്ലാം വിശേഷിപ്പിച്ചു പറയാൻ കഴിയും?



പരസ്പരസ്നേഹത്തിന്റെ കഥയാണല്ലോ മരുന്ന്.
ഇതുപോലെ നമുക്കു ചുറ്റുമുള്ള മണ്ണും മരവും
കിളിയും മനുഷ്യനും എങ്ങനെയെല്ലാം
ബന്ധപ്പെട്ടിരിക്കുന്നു?
ഈ നാടൻപാട്ടു ചൊല്ലിനോക്കാം.

## മണ്ണെനമ്പി

മണ്ണെനമ്പി മരമിരിപ്പൂ താരികം താരോ
മരത്തെനമ്പി കൊമ്പിരിപ്പൂ താരികം താരോ
കൊമ്പെനമ്പി ഇലയിരിപ്പൂ താരികം താരോ
ഇലയെനമ്പി പൂവിരിപ്പൂ താരികം താരോ
പൂവേനമ്പി കായിരിപ്പൂ താരികം താരോ
കായെനമ്പി കനിയിരിപ്പൂ താരികം താരോ
കനിയെനമ്പി കിളിയിരിപ്പൂ താരികം താരോ
കിളിയെനമ്പി ഞാനിരിപ്പൂ താരികം താരോ
എന്നെനമ്പി മണ്ണിരിപ്പൂ താരികം താരോ
മണ്ണെനമ്പി മരമിരിപ്പൂ താരികം താരോ

*(നാടൻപാട്ട്)*

- മണ്ണെനമ്പി (മണ്ണിനെ ആശ്രയിച്ച്) മരം നിലനിൽക്കുന്നു. ഇതുപോലെ ഒന്നുമറ്റൊന്നിനെ ആശ്രയിച്ചുനിൽക്കുന്ന എന്തെല്ലാം ബന്ധങ്ങളാണ് പാട്ടിൽ പറയുന്നത്?
- പരസ്പരം ആശ്രയിച്ചുനിൽക്കുന്ന മറ്റെന്തെല്ലാം ബന്ധങ്ങൾ കണ്ടെത്താനാവും? അവ ഉൾപ്പെടുത്തി ചില വരികളെഴുതൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • വരികളിൽ തെളിയുന്ന ചിത്രം (മുല്ല പൂത്തപ്പോൾ)<br>• സ്വന്തമായി എഴുതിയ വരികൾ (മുല്ല പൂത്തപ്പോൾ)<br>• ചിത്രത്തിൽനിന്നുള്ള വിവരണം.<br>• വിശേഷണം ചേർത്ത പ്രയോഗം, പട്ടിക - ഭാവങ്ങളും വികാരങ്ങളും, വായനക്കുറിപ്പ് (മരുന്ന്)<br>• പാട്ടുകേട്ടു വരച്ച ചിത്രം, രചന - പ്രകൃതിയിലെ ചങ്ങലക്കണ്ണികൾ (മണ്ണെനമ്പി) |
| രചനാശേഖരം | • സ്വന്തമായി എഴുതിയ വരികൾ (മുല്ല പൂത്തപ്പോൾ)<br>• ചിത്രത്തിൽനിന്നുള്ള വിവരണം.<br>• രചന - പ്രകൃതിയിലെ ചങ്ങലക്കണ്ണികൾ (മണ്ണെനമ്പി) |
| ഓഡിയോ | • ഭാവാത്മകവായന (മരുന്ന്)<br>• നാടൻപാട്ട് (മണ്ണെനമ്പി) |
| വീഡിയോ | • പാട്ടുകേട്ടു ചിത്രം വരയ്ക്കുന്നത് (മണ്ണെനമ്പി) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| അസംബ്ലി | • ഭാവാത്മകവായന (മരുന്ന്)<br>• നാടൻപാട്ട്, കവിത (ചില കുട്ടികൾക്ക് അവസരം) |
| ബാലസഭ | • ഭാവാത്മകവായന (മരുന്ന്)<br>• നാടൻപാട്ട്, കവിത (മറ്റു ചില കുട്ടികൾക്ക് അവസരം) |
| പുറംചുമർ പ്രദർശനം | • പാട്ടും വരയും (ചിത്രപ്രദർശനം) |
| ബാലമാസിക | • വായനക്കുറിപ്പ് (മരുന്ന്) |



# കാഴ്ചകൾ കാണാൻ പോകുന്നവരേ...

വീടിന്നകത്ത് ഒതുങ്ങിയിരുന്നാൽ എന്തറിയാനാണ്! വീടറിയാനും നാടറിയാനും പുറത്തിറങ്ങണം. വരൂ, നമുക്കൊരു യാത്രപോകാം.



## ഹലോ ഗയ്സ്...

ഹലോ ഗയ്സ്...
ഞാനിപ്പോൾ എവിടെയാണ്
നിൽക്കുന്നതെന്നറിയാമോ?
ഇതാണ് കേരള കലാമണ്ഡലം. വരൂ, എന്റെ കൂടെ.
നോക്കൂ, ഇതാണ് മഹാകവി വള്ളത്തോളിന്റെ പ്രതിമ.
അദ്ദേഹമാണ് കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ.
തൊട്ടു വടക്കുവശത്തായി ഉയർന്ന
കൊടിമരം കാണാം. അവിടെയാണ് കൂത്തമ്പലം.
അതാ ദൂരെനിന്ന് ചെണ്ടയുടെയും മദ്ദളത്തിന്റെയും
ശബ്ദം കേൾക്കുന്നു. അതെ, അവിടെ കഥകളി
പഠിപ്പിക്കുന്ന കളരികളാണ്. വരൂ, നമുക്കങ്ങോട്ടുപോകാം.
കഥകളിക്കളരികൾക്കപ്പുറം ഇനിയുമുണ്ട് ധാരാളം കാണാൻ.
ഓരോന്നോരോന്നായി നമുക്കു കാണാം.



- നാം കാണുന്ന കാഴ്ചകളെ മറ്റുള്ളവർക്കുകൂടി കണ്ടറിയത്തക്കവിധം അവതരിപ്പിക്കുന്ന ഹോം ടൂർ വീഡിയോകൾ നിങ്ങൾ കണ്ടിട്ടില്ലേ? ഒരു ഹോം ടൂർ വീഡിയോ കണ്ടിട്ട് എഴുതിയതാണിത്. മുതിർന്നവരുടെ സഹായത്തോടുകൂടി നിങ്ങളും ഒരു ഹോം ടൂർ വീഡിയോ നിർമ്മിക്കൂ. വീട്ടിൽവച്ച് നിർമ്മിക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്കൂളിൽവച്ച് വീഡിയോ തയ്യാറാക്കാൻ ടീച്ചർ നിങ്ങളെ സഹായിക്കും.

ഭൂമിയിൽ താമസിക്കുന്നവരുടെ യാത്രാനുഭവമാണ് നാം ഹോം ടൂറിൽ പങ്കുവച്ചത്. ഇനി ഭൂമി കാണാൻ വന്ന ചിലരുടെ യാത്രാനുഭവം വായിക്കൂ.



## ഭൂമിയിലെത്തിയ വിരുന്നുകാർ

ഡങ്കായിയും ഇങ്കായിയും ഇപ്പോൾ ഒരു തീവണ്ടിയിലാണ്.
കടപ്പുറത്തുനിന്ന് അവർ ഒരു വഴിയിലാണ് എത്തിയത്. അതിലൂടെ കുറച്ചുനേരം നടന്നപ്പോൾ അവർക്കു കുറുകെയുണ്ട് ഒരു വലിയ വാഹനം നീണ്ടുകിടക്കുന്നു. വാഹനത്തിൽ നിറച്ചും മങ്ങിയ വെളിച്ചവും.
"ഇത് തീവണ്ടിയാണ്. മനുഷ്യർ യാത്ര ചെയ്യുന്ന വാഹനം. ഒരേ അകലത്തിൽ നീട്ടിയിട്ട പാളങ്ങളിലൂടെയാണ് ഇതിന്റെ യാത്ര." ഡങ്കായി ഇങ്കായിയോടു പറഞ്ഞു.
"നമുക്കൊന്ന് കയറിനോക്കിയാലോ ഡങ്കായീ?"
കൊള്ളാം! ഡങ്കായിക്കും മോഹമായി. ഭൂമിയിൽ വന്നിട്ടു മനുഷ്യൻ സഞ്ചരിക്കുന്ന ഒരു വാഹനത്തിൽ കയറിനോക്കുക! രസകരം തന്നെ. തിരിച്ചുചെന്നാൽ കൂട്ടുകാരോട് പറയാൻ ഒരു വിശേഷവുമായി.





അങ്ങനെയാണ് ഡങ്കായിയും ഇങ്കായിയും തീവണ്ടിമുറിയിൽ കയറിയത്. മങ്ങിയ വെളിച്ചത്തിൽ ഇരിപ്പിടങ്ങളിലും മുകളിലെ തട്ടുകളിലും നിറയെ യാത്രക്കാർ. എല്ലാവരും നീണ്ടുനിവർന്നു കിടക്കുകയാണ്.

“ഭൂമിയിൽ മനുഷ്യർ കിടന്നുകൊണ്ടാണോ യാത്ര ചെയ്യുക?” ഇങ്കായി ചോദിച്ചു. അവരുടെ ഗ്രഹത്തിൽ ആരും കിടന്നുകൊണ്ടു യാത്ര ചെയ്യാറില്ല. ഇരിപ്പിടത്തിൽ ചാരിയിരുന്നും എന്തെങ്കിലുമൊക്കെ ചെയ്തുകൊണ്ടുമാണ് അവർ യാത്ര ചെയ്യുക. ഇവിടെ, ഭൂമിയിൽ വന്നിട്ട് ജോലി ചെയ്യുന്ന ഒരാളി നെയും കാണാനായില്ല, ഇതുവരെ.

പെട്ടെന്ന് ചൂളംവിളി ഉയർന്നു. വണ്ടി പതിയെ നീങ്ങിത്തുടങ്ങി.

“ഡങ്കായീ..!” ഇങ്കായി ഭയത്തോടെ വിളിച്ചു. “സാരമില്ല. നമുക്ക് അടുത്ത താവളത്തിൽ ഇറങ്ങാം. ഒരുപക്ഷേ മുടി മുറിക്കുന്ന സ്ഥലം കാണാൻ പറ്റിയാലോ?”

അവർ തീവണ്ടിമുറിയിലൂടെ മുന്നോട്ടുനീങ്ങി. ആളുകളെല്ലാം ഒന്നിച്ചുകിടന്നു വിശ്രമിക്കുകയാണ്.

ഇങ്കായി പറഞ്ഞു: “വിചിത്രം തന്നെ മനുഷ്യരുടെ കാര്യം! വിശ്രമിക്കുമ്പോൾ എല്ലാവരും ഒരുമിച്ച്.”

അവരുടെ ഗ്രഹത്തിൽ ക്ഷീണം തോന്നുന്നവർ വിശ്രമിക്കും. മറ്റുള്ളവർ ജോലി ചെയ്തുകൊണ്ടിരിക്കും. രാത്രിയായാലും പകലായാലും ഒന്നിച്ചു വിശ്രമിക്കുകയേയില്ല.

മുറിയുടെ മറ്റേയറ്റത്ത് എത്തിയപ്പോൾ ഇരുന്നു യാത്ര ചെയ്യുന്ന മൂന്നു യാത്രക്കാർ!

"ങ്ഹാ... വിശ്രമിക്കാതെയിരിക്കുന്ന ആളുകൾ!" ഡങ്കായി മന്ത്രിച്ചു.

അവർ ആ യാത്രക്കാരുടെ മുന്നിലെത്തി. മൂന്നുപേരും ധരിച്ചിരിക്കുന്നത് ഒരുപോലുള്ള വേഷം. തലയിൽ തൊപ്പി. അരയിൽ പട്ട. കാക്കിയുടുപ്പ്. എന്തോ ഒരു ആയുധമുണ്ട് കൈയിൽ. അതും കുത്തിപ്പിടിച്ച്, കണ്ണടച്ച് പരസ്പരം തോളിൽ ചാരിയാണിരിപ്പ്. വണ്ടിയുടെ താളത്തിനൊത്ത് തലയും ഉടലും ആടിയുലയുന്നുമുണ്ട്.

"മുടി മുറിക്കുന്ന കാര്യം പറയ്!" ഇങ്കായി മന്ത്രിച്ചു.

ഡങ്കായി ആദ്യത്തെ യാത്രക്കാരന്റെ തോളിൽ തൊട്ടു. അയാൾ ചാടിയെണീറ്റ് ഡങ്കായിയുടെ നേരെ തോക്കു ചൂണ്ടി. പിന്നെ കണ്ണുകൾ തുറിച്ച്, നിലവിളിച്ചുകൊണ്ട് ഒരൊറ്റ വീഴ്ച്ച!





ആ നിമിഷത്തിൽ മറ്റു രണ്ടുപേരും ചാടിയെണീറ്റു. അവർ തോക്കുചൂണ്ടുക കൂടി ചെയ്തില്ല. മലർന്നുവീണു! ശബ്ദം കേട്ട് ഓടിവന്ന രണ്ടുമൂന്നു യാത്രക്കാരും ഡങ്കായിയുടെയും ഇങ്കായിയുടെയും മുമ്പിൽ ബോധമറ്റു വീഴുകതന്നെ ചെയ്തു.

“ഡങ്കായീ, എന്തോ കുഴപ്പമുണ്ട്.”
“ശരിയാ... ഇത് ആചാരമൊന്നുമല്ല, തീർച്ച.” അപ്പോൾ ഒരു പൊട്ടിച്ചിരി കേട്ടു. കൈകൊട്ടുന്ന ശബ്ദവും.
“ഏയ് മാണ്ടായീ...” ഒരു കുട്ടിയാണ്.
മുകളിലെ തട്ടിലിരുന്ന് അവൻ അതിഥികളെ നോക്കി ചിരിക്കുകയാണ്. ഡങ്കായിയും ഇങ്കായിയും ഒറ്റച്ചാട്ടത്തിന് അവന്റെ അരികിലെത്തി.
“ഞാൻ മാണ്ടായിയല്ല” ഡങ്കായി പറഞ്ഞു.
“മാണ്ടായിയല്ലെങ്കിൽ പോലീസുകാരെ പേടിപ്പിച്ചത് എന്തിനാ?” കുട്ടി ചോദിച്ചു.
“എന്റെ അമ്മമ്മ പറഞ്ഞിട്ടുണ്ടല്ലോ മാണ്ടായിക്ക് ഉണ്ടക്കണ്ണും വല്യചെവീം വാലും ഉണ്ടാവുംന്ന്. ചീത്തക്കുട്ടികളേം വികൃതി കാട്ടണവരേം മാണ്ടായി പിടിച്ചോണ്ടോവും. കൈയും കാലും കൂട്ടിക്കെട്ടി, കണ്ണിൽ മൊളക് തേച്ച്, തീക്കനലിലൂടെ ഉരുട്ടും. വികൃതികളെ പാഠം പഠിപ്പിക്കാനാ... ഈ പോലീസുകാരെ പാഠം പഠിപ്പിക്കാൻ മാണ്ടായിയെ വിളിച്ച് കാത്തിരിക്ക്യായിരുന്നു ഞാൻ.”
“എന്താ ഈ പോലീസ് എന്ന്വച്ചാൽ?” ഇങ്കായി ചോദിച്ചു.

“കള്ളന്മാരിൽനിന്നും കൊള്ളക്കാരിൽനിന്നും മനുഷ്യരെ രക്ഷിക്കുന്നതവരാ.” ഡങ്കായി പറഞ്ഞു.
“തീവണ്ടിയിൽ കള്ളൻ വരാതിരിക്കാനാവും അവർ ഇതിലിരിക്കുന്നത്.”
“പോലീസുകാരെന്താ വികൃതി കാട്ട്യേ?” ഇങ്കായി ചോദിച്ചു.
“അവര് പാവക്കുട്ടികളെ വിൽക്കാൻവന്ന മാമനെ വണ്ടീന്ന് താഴെ തള്ളിയിറക്കി. പാവം, പാവക്കുട്ടികൾ. ഒക്കേം നിലത്തുവീണു പൊട്ടിപ്പോയി. അവറ്റകൾ നിലവിളിച്ചപ്പോൾ മാമനും ഉറക്കെ കരഞ്ഞു.” കുട്ടി വിതുമ്പി.
“സാരമില്ല.” ഡങ്കായി സമാധാനിപ്പിച്ചു. “എന്താ കൂട്ടുകാരന്റെ പേര്?”
“ഉണ്ണിക്കുട്ടൻ. ഞാൻ മംഗലാപുരത്ത് മാമന്റെ വീട്ടിൽപ്പോയി വര്വാ.”
ഉണ്ണിക്കുട്ടൻ ഡങ്കായിയുടെ ചെവി പിടിച്ചൊന്നാട്ടി. മുടിയിൽ വിരലോടിച്ചു. വാലിൽ വെറുതെ തൊട്ടുനോക്കി.
“സത്യമായിട്ടും നിങ്ങൾ മാണ്ടായികളല്ലേ?”
“ഞാൻ ഡങ്കായി. ഇവൻ ഇങ്കായി. ഞങ്ങൾ ദൂരെ ഒരു ഗ്രഹത്തിൽനിന്നു വരുന്നു. ഞങ്ങൾക്ക് ഭംഗിയായി മുടിവെട്ടണം. മുടിവെട്ടുകാരനെ തേടിയിറങ്ങിയതാ ഞങ്ങൾ.”





“നന്നായി. കോഴിക്കോടങ്ങാടീല് ഒത്തിരി മുടിവെട്ടുകാരുണ്ട്.” ഉണ്ണിക്കുട്ടൻ പറഞ്ഞു.

“അതെവിടെയാ..?”

“ഇനി വണ്ടി നിർത്തുന്നത് കോഴിക്കോട്ടാ. എന്റെ കൂടെ വന്നാൽ ഞാൻ കാണിച്ചുതരാം.” ഉണ്ണിക്കുട്ടൻ പറഞ്ഞു.

ഡങ്കായിക്കും ഇങ്കായിക്കും സന്തോഷമായി.

“ഉണ്ണിക്കുട്ടാ, നിങ്ങൾ മനുഷ്യർ ആരെക്കണ്ടാലും മലർന്നുവീണ് ആദരിക്കുമോ?” ഇങ്കായി ചോദിച്ചു.

“മലർന്നു വീഴ്വെ?” ഉണ്ണിക്കുട്ടന് ഒന്നും മനസ്സിലായില്ല.

“ദാ,ആ പോലീസുകാർ ചെയ്തതുപോലെ?” ഡങ്കായി പറഞ്ഞു.

ഉണ്ണിക്കുട്ടന് ചിരിപൊട്ടി.

“പേടിത്തൊണ്ടന്മാർ. അങ്ങനെവേണം. വണ്ടീല് അപ്പം വിൽക്കാൻ വന്നവരെയൊക്കെ പേടിപ്പിച്ച് ഓടിച്ചില്ലേ; ദുഷ്ടന്മാർ!”

ഡങ്കായിയും ഇങ്കായിയും പരസ്പരം നോക്കി.

*ജനു*

*(ഭൂമിയിലെത്തിയ വിരുന്നുകാർ)*

- യാത്രാനുഭവം മൗനമായി വായിക്കൂ. ആരെയാണ് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത്? എന്തുകൊണ്ട്?
- റോൾപ്ലേയായി അവതരിപ്പിക്കാൻ സാധ്യതയുള്ള ഭാഗങ്ങൾ കണ്ടെത്തൂ. റോൾപ്ലേ അവതരിപ്പിക്കൂ.

ഇനി രണ്ട് ഉറുമ്പുകളുടെ യാത്രാനുഭവകഥ വായിക്കൂ.
രസകരമായ സന്ദർഭങ്ങൾ പാഠഭാഗത്ത് വരച്ചുചേർക്കൂ.

# സവാരി

രണ്ട് ഉറുമ്പുകൾ ഒരു അപ്പൂപ്പൻതാടിയിൽ
സവാരി പോവുകയായിരുന്നു.
പാറിപ്പറന്ന് മടുത്തു.
ഒന്നിറങ്ങിയാൽ മതിയായിരുന്നു.
അതുപറയാൻ അവർക്കുണ്ടോ മിണ്ടാൻ കഴിയുക?
നിർത്താനായി കുറേ ആംഗ്യം കാണിച്ചെങ്കിലും
അപ്പൂപ്പൻതാടിക്ക് അതൊട്ട് മനസ്സിലായതുമില്ല.
അതിനും മിണ്ടാൻ കഴിയില്ലായിരുന്നല്ലോ.
അങ്ങനെയാണ് 'ഒന്ന് നിർത്തണേ'
എന്ന് ഒരുറുമ്പും 'ആളിറങ്ങാനുണ്ട് '
എന്ന് മറ്റേയുറുമ്പും ഒരിലയിൽ
എഴുതിക്കൊടുത്തത്.
ഇല വായിച്ച് അപ്പൂപ്പൻതാടി
ഒരു മരച്ചില്ലയിൽ തൂങ്ങി. പറന്നുപറന്ന്
വഴിമാറിപ്പോയ കാര്യം ഉറുമ്പുകൾ അറിഞ്ഞത്
താഴെയെത്തിയപ്പോൾ മാത്രമാണ്.
ഇനിയെന്തു ചെയ്യും? വന്നവഴിക്ക്
എത്രയോ പുറകോട്ടുതന്നെ പോവേണ്ടിയിരിക്കുന്നു.
ആളു കയറാനുണ്ടെന്ന് ഒരിലയിലെഴുതി
അത് ഉയർത്തിപ്പിടിച്ച്, മറ്റൊരപ്പൂപ്പൻതാടിക്കായി അവർ കാത്തുനിന്നു.

*ഷിനോജ് രാജ് (വായിച്ചു വായിച്ചു വായിച്ചു പോവുന്ന കഥകൾ)*

- ഉറുമ്പുകൾ തിരിച്ചുപോവാനായി കാത്തുനിന്നു. പക്ഷേ, ഒരപ്പൂപ്പൻതാടിപോലും ആ വഴി വന്നില്ല. പിന്നെ അവർക്ക് എന്തു സംഭവിച്ചിട്ടുണ്ടാവും? പറഞ്ഞുനോക്കൂ.
- ഇത് ഉറുമ്പുകളുടെ സവാരിക്കഥ. നിങ്ങൾക്കും യാത്ര ചെയ്തതിന്റെ അനുഭവങ്ങൾ ഉണ്ടായിരിക്കുമല്ലോ. ആ അനുഭവങ്ങൾ എഴുതൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • തുടർന്നെഴുതിയ കഥ (സവാരി)<br>• പൂരിപ്പിച്ചെഴുതിയ കവിത (പ്രകൃതിനടത്തം)<br>• യാത്രാനുഭവക്കുറിപ്പ് (പ്രകൃതിനടത്തം) |
| രചനാശേഖരം | • തുടർന്നെഴുതിയ കഥ (സവാരി) മെച്ചപ്പെടുത്തിയത്<br>• ചിത്രം (സവാരി)<br>• യാത്രാനുഭവക്കുറിപ്പ് (പ്രകൃതിനടത്തം) - മെച്ചപ്പെടുത്തിയത് |
| ഓഡിയോ | • ഭാവാത്മകവായന (ഭൂമിയിലെത്തിയ വിരുന്നുകാർ) |
| വീഡിയോ | • ഹോം ടൂർ<br>• റോൾപ്ലേ (ഭൂമിയിലെത്തിയ വിരുന്നുകാർ) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • ഭാവാത്മകവായന (ഭൂമിയിലെത്തിയ വിരുന്നുകാർ)<br>• റോൾപ്ലേ (ഭൂമിയിലെത്തിയ വിരുന്നുകാർ)<br>- ചില കുട്ടികൾക്ക് അവസരം |
| ബാലസഭ | • ഭാവാത്മകവായന (ഭൂമിയിലെത്തിയ വിരുന്നുകാർ)<br>• റോൾപ്ലേ (ഭൂമിയിലെത്തിയ വിരുന്നുകാർ)<br>- മറ്റുചില കുട്ടികൾക്ക് അവസരം |
| പുറംചുമർ പ്രദർശനം | • ചിത്രം (പ്രകൃതിനടത്തം)<br>• ചിത്രം (സവാരി) |
| നവമാധ്യമം | • റോൾപ്ലേ (ഭൂമിയിലെത്തിയ വിരുന്നുകാർ)<br>• ഭാവാത്മകവായന (ഭൂമിയിലെത്തിയ വിരുന്നുകാർ) |

# 5

# നമ്മളൊന്ന്

ജനാധിപത്യം എന്നത്
ഒത്തുചേർന്നുള്ള ജീവിതമാണ്

*ബി. ആർ. അംബേദ്കർ*





# കുട്ടമ്മാനും കൊട്ടാരവും



“കുട്ടമ്മാനെങ്ങട്ടാ?”
“കൊട്ടാരം കാണാൻ.”
“അയ്യോന്റെ കുട്ടമ്മാനേ..
കണ്ണടയില്ലാണ്ട്
കൊട്ടാരത്തിൽ ചെന്നിട്ട്
എന്തു കാണാനാ..?”
കുട്ടമ്മാൻ ഉടനെ മടങ്ങിച്ചെന്ന്
കാലില്ലാത്ത കണ്ണടയെടുത്തു
മൂക്കത്തുവച്ച് വീണ്ടും പുറപ്പെട്ടു.
“കുട്ടമ്മാനെങ്ങട്ടാ?”
“കൊട്ടാരം കാണാൻ.”
“അയ്യോന്റെ കുട്ടമ്മാനേ..
കൊടയില്ല്യാണ്ട് കൊട്ടാരം
നടന്നുകാണാനാവില്ല്യ.”
കുട്ടമ്മാൻ ഉടനെ മടങ്ങിച്ചെന്ന്
കാലുവളഞ്ഞ കുടയെടുത്തു
നിവർത്തിപ്പിടിച്ച് വീണ്ടും
പുറപ്പെട്ടു.
“കുട്ടമ്മാനെങ്ങട്ടാ?”
“കൊട്ടാരം കാണാൻ.”




"അയ്യോന്റെ കുട്ടമ്മാനേ...
കണ്ണടവച്ച് കൊടപിടിച്ച് ചെന്നാ കൊ
ട്ടാരത്തില് കേറ്റ്വോ?"

"എന്താ കേറ്റാണ്ട്? ഇത് പണ്ടത്തെ കൊട്ടാരല്ല!
പണ്ടത്തെ കുട്ടമ്മാന്വല്ല... എന്നെ ഭരിക്കാൻ ഞാൻ നിയമിച്ച രാജാവിന് ഞാൻ കൊടുത്ത കൊട്ടാരത്തിലേക്കാ ഞാൻ പോണത്, മനസ്സിലായോ?"

*കുഞ്ഞുണ്ണിമാഷ്*
*(കുട്ടമ്മാനും കൊട്ടാരവും)*

- പാഠഭാഗം വായിക്കൂ. വീട്ടിലുള്ളവർക്കും ടീച്ചർക്കുമെല്ലാം വായിച്ചു കേൾപ്പിക്കൂ.
- ഈ കഥയിൽ നിങ്ങൾ കണ്ടെത്തിയ പ്രത്യേകതകൾ എന്തെല്ലാമാണ്?
- ഇക്കാലത്ത് നമ്മുടെ നാട്ടിൽ രാജാവില്ലല്ലോ. പിന്നെ കുട്ടമ്മാൻ കാണാൻ പോകുന്നത് ആരെയായിരിക്കും?
- "എന്നെ ഭരിക്കാൻ ഞാൻ നിയമിച്ച രാജാവിന് ഞാൻ കൊടുത്ത കൊട്ടാരത്തിലേക്കാ ഞാൻ പോണത്, മനസ്സിലായോ?" ഇതുകൊണ്ട് കുട്ടമ്മാൻ എന്താണ് ഉദ്ദേശിക്കുന്നത്?
- ടീച്ചറോടൊത്തു സമ്മാനപ്പൊതി എന്ന കളി കളിച്ചുവോ? ഇതിൽനിന്ന് എന്തെല്ലാം പുതിയ കാര്യങ്ങളാണു കണ്ടെത്തിയത്?
- കുട്ടമ്മാന്റെ കഥ പാവനാടകമായി അവതരിപ്പിക്കൂ.



# താങ്ങും തണലും

കൂട്ടുചേർന്നുള്ള ജീവിതമാണ് ജനാധിപത്യത്തിന്റെ അടിത്തറ. ഈ ജീവിതരീതിയിൽ എല്ലാവരും തുല്യരാണ്. ഇവിടെ എല്ലാവർക്കും ചുമതലകളുണ്ട്. ഈ ചുമതലകൾ എല്ലാവരും ചെയ്യുമ്പോഴാണ് തുല്യത ഉണ്ടാവുന്നത്. താഴെക്കൊടുത്ത രചന വായിക്കൂ.

## വേദന

നടവഴിയിൽ കണ്ട കുപ്പിച്ചില്ല്
ഞാനെന്തേ എടുത്തുമാറ്റിയില്ല?
ചെരിപ്പിട്ട കാലുകൊണ്ട്
ഒന്നു തട്ടിമാറ്റാനും തോന്നിയില്ല!
തൊട്ടുപിന്നാലെ വന്ന
ഏതോ ഒരു കുഞ്ഞിക്കാലടിയിൽ
അതു കുത്തിക്കേറിയിട്ടുണ്ടാവില്ലേ?
വാവിട്ട നിലവിളിയോടെ
വഴിനീളെ ചോരയൊലിപ്പിച്ച്
ഒറ്റക്കാലിൽ തത്തിത്തത്തി
എന്റമ്മേ...

*സുകേതു*







- പൊതുവഴിയിലെ കുപ്പിച്ചില്ല് എടുത്തുമാറ്റുന്നതു നമ്മുടെ ചുമതലയാണോ?
- 'എല്ലാവരും കുപ്പിച്ചില്ലു കാലിൽ കൊള്ളാതെ നടക്കണം' എന്നു പഠിപ്പിച്ചാൽ പോരേ? നാം വഴിയിലെ കുപ്പിച്ചില്ല് എടുത്തുകളയുന്നതെന്തിന്?
- "എന്റമ്മേ..." എന്ന് ആരായിരിക്കും നിലവിളിച്ചത്? കാലിൽ കുപ്പിച്ചില്ലു കൊണ്ട കുട്ടിയോ, അതോ കുപ്പിച്ചില്ലു കണ്ടിട്ടും വഴിയിൽനിന്നു മാറ്റിയിടാത്തയാളോ? എന്താണു നിലവിളിക്കാൻ കാരണം?
- വഴിയിലെ കുപ്പിച്ചില്ലെടുത്തുകളയുന്ന കാര്യം മാത്രമാണോ ഈ രചനയിൽ പറയുന്നത്? മറ്റെന്തെല്ലാം സൂചിപ്പിക്കുന്നുണ്ട്?
- കുപ്പിച്ചില്ലു വഴിയിൽനിന്നും മാറ്റിയിടാതെ പോയ മനുഷ്യൻ ചില്ലുതട്ടി കാലിൽ മുറിവു പറ്റിയ കുട്ടിക്ക് എഴുതുന്ന കത്ത് എപ്രകാരമായിരിക്കും? എഴുതൂ.
- ഈ പേജിൽ നൽകിയ രണ്ടു ചിത്രങ്ങൾ ശ്രദ്ധിച്ചുവോ? അവയെ അടിസ്ഥാനമാക്കി ഒരു കുറിപ്പെഴുതൂ.





## ആശംസ

മറ്റുള്ളവരും നിങ്ങളൊടൊപ്പം
മന്ദഹസിക്കട്ടെ,
അവരുടെ നോവുകൾ നിങ്ങൾക്കുള്ളിലു-
മലിവായ് പടരട്ടെ,
അവരുടെ ഹൃദയം നിങ്ങളുടേതിനു-
മൊത്തുമിടിക്കട്ടെ,
അവരുടെ ശബ്ദം നിങ്ങളുടേതിനു-
മൊത്തുമുഴങ്ങട്ടെ,
നിങ്ങൾ കരുതിയ പരിഭവമെല്ലാ-
മില്ലാതാകട്ടെ,
കാലത്തിന്റെയിരുട്ടിൽ ജീവിത-
വെട്ടം നിറയട്ടെ...

*പി. മധുസൂദനൻ*
*(ഞാനിവിടെയുണ്ട്)*

നിഘണ്ടു നോക്കി
അർഥം കണ്ടെത്തൂ.

- മന്ദഹസിക്കുക
- നോവ്
- അലിവ്
- പരിഭവം
- വെട്ടം



- കവിത താളംപിടിച്ചു ചൊല്ലൂ.
- എന്തെല്ലാമാണ് കവി ആശംസിക്കുന്നത്?
- ഇതിൽ പറഞ്ഞിട്ടുള്ള ആശംസകളിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കൂ.
- സ്വന്തമായി ചില ആശംസാവാക്യങ്ങൾ എഴുതിനോക്കൂ. ക്ലാസിൽ അവതരിപ്പിച്ചു ചർച്ചചെയ്യൂ.
- കവിതയിലെ ഏതെല്ലാം വാക്കുകൾക്കുപകരം അതേ അർഥം വരുന്ന മറ്റു വാക്കുകളുപയോഗിക്കാം? കവിതയുടെ താളം തെറ്റാതെ നോക്കണേ.






- പോസ്റ്റർ പരിശോധിക്കൂ. എന്തെല്ലാം കാണുന്നുണ്ട്?
- കണ്ടെത്തിയ കാര്യങ്ങൾ കൂട്ടുകാരുമായി പങ്കുവയ്ക്കൂ.




- രണ്ടു പോസ്റ്ററുകൾ കണ്ടല്ലോ. ഇതിൽ മികച്ച പോസ്റ്റർ ഏതാണ്? എന്തുകൊണ്ട്? പറയൂ.
- നല്ലൊരു പോസ്റ്ററിന് എന്തെല്ലാം പ്രത്യേകതകൾ വേണമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? ചർച്ചചെയ്യൂ.
- നേരത്തെ തയ്യാറാക്കിയ ആശംസാവാക്യം ഉൾക്കൊള്ളിച്ച് ഒരു പോസ്റ്റർ തയ്യാറാക്കൂ. പോസ്റ്ററിൽ യോജിച്ച ചിത്രങ്ങൾ ചേർക്കാൻ പ്രത്യേകം ശ്രദ്ധിക്കണേ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • കത്ത് (വേദന)<br>• ആശംസാവാക്യങ്ങൾ (ആശംസ)<br>• പകരമായി കണ്ടെത്തിയ പദങ്ങൾ (ആശംസ)<br>• പകരംപദം ചേർത്തു മാറ്റിയ കവിത (ആശംസ)<br>• കവിതയിലെ ആശയങ്ങൾ ക്രമപ്പെടുത്തിയത് (ആശംസ)<br>• ചിത്രത്തെ അടിസ്ഥാനമാക്കിയ കുറിപ്പ് (വേദന) |
| രചനാശേഖരം | • മെച്ചപ്പെടുത്തി എഴുതിയ കത്ത് (വേദന)<br>• പോസ്റ്റർ (ആശംസ) |
| ഓഡിയോ | • കഥവായന (കുട്ടമ്മാനും കൊട്ടാരവും)<br>• കവിത ചൊല്ലൽ (ആശംസ) |
| വീഡിയോ | • റോൾപ്ലേ (കുട്ടമ്മാനും കൊട്ടാരവും) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • പാവനാടകം (കുട്ടമ്മാനും കൊട്ടാരവും)<br>• കവിത ചൊല്ലൽ (ആശംസ)<br>- ചില കുട്ടികൾക്ക് അവസരം<br>• കഥവായന (കുട്ടമ്മാനും കൊട്ടാരവും) |
| ബാലസഭ | • റോൾപ്ലേ (കുട്ടമ്മാനും കൊട്ടാരവും)<br>• കവിത ചൊല്ലൽ (ആശംസ)<br>- മറ്റു ചില കുട്ടികൾക്ക് അവസരം |
| അസംബ്ലി | • കവിത ചൊല്ലൽ (ആശംസ)<br>- വേറെ ചില കുട്ടികൾക്ക് അവസരം |
| പുറംചുമർ പ്രദർശനം | • പോസ്റ്റർ |
| നവമാധ്യമം | • റോൾപ്ലേ (കുട്ടമ്മാനും കൊട്ടാരവും)<br>• കവിതാലാപനം (ആശംസ) |

# ചെടിക്ക് മുദ്ര്കൊണ്ടത്

“ഇന്ത്യ എന്റെ രാജ്യമാണ്.
എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരൻമാരാണ്.”
നാം ചൊല്ലുന്ന പ്രതിജ്ഞയിലെ ഈ വാക്യം
മനസ്സിൽവച്ചുകൊണ്ട് കവിത വായിക്കൂ.

## റൊട്ടി

ഒരു കുട്ടി പണ്ടൊരു റൊട്ടി കട്ടു
അവനെ മുതിർന്നവർ കെട്ടിയിട്ടു.
വന്നവർ വന്നവർ മാറിമാറി
വേദനിപ്പിച്ചു വിഷം തളിച്ചു.
ആയിടെയുണ്ടായ മോഷണങ്ങൾ
എല്ലാമവനെന്നു സമ്മതിച്ചു.





വിദ്യാലയം വിട്ട ബെല്ലടിച്ചു
വണ്ടികളേറെക്കടന്നുപോയി.
പോലീസുവന്നു കയറഴിച്ചു
കൈയാമം വയ്ക്കാതെ കൊണ്ടുപോയി.

പായുന്ന ജീപ്പിലെ പോലീസുകാരനെ-
ച്ചാരിയുറക്കം പിടിച്ചിടുമ്പോൾ
നിക്കറിൻകീശയിൽ ഇക്കിളിയാക്കുന്നു
വക്കത്തു ലേശം നനഞ്ഞറൊട്ടി.

*മോഹനകൃഷ്ണൻ കാലടി*
*(മഴപ്പൊട്ടൻ)*

- താളമിട്ടു കവിത ചൊല്ലൂ.
- "വന്നവർ വന്നവർ മാറിമാറി
  വേദനിപ്പിച്ചു വിഷം തളിച്ചു."
  വിഷം തളിച്ചു എന്നതുകൊണ്ട് എന്തായിരിക്കും സൂചിപ്പിക്കുന്നത്?
- "നിക്കറിൻകീശയിൽ ഇക്കിളിയാക്കുന്നു
  വക്കത്തു ലേശം നനഞ്ഞറൊട്ടി."
  റൊട്ടി ഇക്കിളിയാക്കുമോ? എന്താണിതിന്റെ അർഥം?
- റൊട്ടിയുടെ വക്ക് ലേശം നനഞ്ഞത് എങ്ങനെയായിരിക്കും?
- കവിതയിൽ വിവരിച്ച സംഭവം ക്രമമായി എഴുതൂ.
- "വിദ്യാലയം വിട്ട ബെല്ലടിച്ചു
  വണ്ടികളേറെക്കടന്നുപോയി."
  കവിതയിൽ ഈ വരികൾ ഇല്ലെങ്കിലും നടന്ന സംഭവം മനസ്സിലാവുമല്ലോ. എന്തിനാണ് ഇക്കാര്യം പ്രത്യേകം പറഞ്ഞിരിക്കുന്നത്?
- ഈ കവിതയ്ക്കു ചേരുന്ന ചിത്രം വരച്ചു പേരിടൂ. ചിത്രങ്ങൾ പരസ്പരം കൈമാറി കൂട്ടുകാരുടെ ചിത്രങ്ങളെപ്പറ്റി അഭിപ്രായങ്ങൾ പറയൂ. ചിത്രങ്ങൾ പ്രദർശിപ്പിക്കൂ.
- ടീച്ചർ ഒരു ചിത്രം കാണിച്ചല്ലോ. ഇതുകണ്ടപ്പോൾ എന്തൊക്കെയാണു തോന്നിയത്? ചർച്ച ചെയ്യൂ.
- ഈ കവിതയിലെ കുട്ടിയെ നിങ്ങൾ കണ്ടുമുട്ടുന്നു എന്നു കരുതുക. അപ്പോൾ നിങ്ങൾ അവനോടു നടത്താനിടയുള്ള സംഭാഷണം എഴുതൂ.





# ചെടി
# നമ്മോടു പറയുന്നത്

നിലമ്പൂരിലെ ഗോത്രവിഭാഗക്കാരായ ഏതാനും കുട്ടികൾ അവരുടെ ഭാഷയിൽ എഴുതിയ ഒരു രചനയും അതു മലയാളത്തിലേക്ക് മാറ്റി എഴുതിയതും താഴെ കൊടുത്തിരിക്കുന്നു. വായിക്കൂ.

| | |
|---|---|
| ഗൂസ് കൈനീട്ടത് | കുട്ടി കൈ നീട്ടി |
| ചെടി സങ്കട ബന്ത് | ചെടി സങ്കടപ്പെട്ടു. |
| എയ്ന്തത്? | എന്തേ? |
| ജ്യേനുകുന്നി വരുതല് | തേനീച്ച വരുമ്പോൾ |
| നാന് എന്തേള് കേളും? | ഞാനെന്തു പറയും? |
| ബണ്ട് വരുതല് | ശലഭം വരുമ്പോൾ |
| നാന് എന്തേള് കേളും? | ഞാനെന്തു പറയും? |
| പക്കി വരുതല് | കുരുവി വരുമ്പോൾ |
| നാന് എന്തേള് കേളും? | ഞാനെന്തു പറയും? |
| ഗൂസ് ചെടിക്ക് | കുട്ടി ചെടിക്ക് |
| ഒന്നു മുട്ട് കൊണ്ടത്. | ഒരു മുത്തം കൊടുത്തു. |

- രണ്ടു രചനകളും വായിച്ച് വാക്കുകളിലുള്ള സാമ്യവും വ്യത്യാസവും കണ്ടെത്തൂ.
- കുട്ടി കൈ നീട്ടിയത് എന്തിനായിരിക്കും?
- ആർക്ക് അവകാശപ്പെട്ടതാണ് പൂക്കൾ?
- കുട്ടി ചെടിക്കു മുത്തം കൊടുക്കാൻ കാരണമെന്ത്?
- ഈ കവിതയിലെ ചെടി എന്തെല്ലാമാണു നമ്മെ പഠിപ്പിക്കുന്നത്?
- ഈ കവിതയ്ക്കു തലക്കെട്ടു നൽകൂ.
- ടീച്ചർ ഒരു ചെറുസിനിമ കാണിച്ചുതന്നല്ലോ. സ്വാതന്ത്ര്യത്തെപ്പറ്റി ഇപ്പോൾ നിങ്ങൾക്ക് കൂടുതലായി എന്തൊക്കെ പറയാൻ കഴിയും?



- ചിത്രം നോക്കൂ. പൂ പറിക്കാൻ ചെന്ന കുട്ടിയോടു ചെടി പറഞ്ഞതു പോലെ ചിത്രത്തിലെ ആനയ്ക്ക് നമ്മളോട് എന്തെല്ലാം പറയാനുണ്ടാവും? എഴുതൂ.



ഒരു മൂന്നുവയസ്സുകാരി
എന്താണു നമ്മോടു പറയുന്നത്?
പൂമ്പാറ്റുമ്മ വായിക്കൂ.





# പൂമ്പാറ്റുമ്മ

ഒരു പൂമ്പാറ്റക്കുട്ടൻ ഒരൂസം പറന്ന് നടക്ക്വായിരുന്നു. അവനങ്ങനെ പറന്നു പറന്ന്... എന്റെ ഊഞ്ഞാലയിൽ വന്നിരുന്ന് ഊഞ്ഞാലാടി. ആരും കൂട്ടില്യാതായപ്പോ അവന് ബോറടിച്ചു. പാവം. ന്നട്ട്, ഊഞ്ഞാലുമ്മേന്നെറങ്ങി, മിറ്റത്താകെ പറന്നുനടന്നു.

മഴ നനഞ്ഞ് നനഞ്ഞ് പൂവുകളൊക്കേം ഒറങ്ങ്വാര്ന്നു. പൂമ്പാറ്റക്കുട്ടന് കളിക്കാൻ ആരേം കിട്ടീല്യ. അവന് കൊറേ വെഷമമായി.







ന്നട്ടേയ്... ആ പൂമ്പാറ്റക്കുട്ടൻ... ആരേം കാണാതെ പിന്നേം വെഷമിച്ച് നടന്നു. അപ്പോഴേയ്... സുട്ടു മിറ്റത്തേയ്ക്ക് ഓടിച്ചെന്നു. പൂമ്പാറ്റക്കുട്ടന് സന്തോഷായി!



അവൻ പറന്ന് പറന്ന് പറന്നു വന്ന്, സുട്ടൂന്റെ നെറ്റിത്ത് ഒരുമ്മ തന്നു. എന്നട്ട്, അമ്മേടെ കവിളത്ത് കൺപീലികൊണ്ട് കുഞ്ഞനൊരുമ്മ കൊടുത്തു, സുട്ടു! ഒരു പൂമ്പാറ്റുമ്മ.

*മെയ്സിതാര*
*(സുട്ടു പറഞ്ഞ കഥകൾ)*

- വർത്തമാനം പറയുമ്പോൾ ഉപയോഗിക്കുന്ന എന്തെല്ലാം വാക്കുകൾ ഈ കഥയിൽനിന്നു കണ്ടെത്താനാവും?
- പൂമ്പാറ്റയ്ക്കു സങ്കടം വരാൻ എന്താണു കാരണം?
- പൂമ്പാറ്റ എപ്പോഴാണ് സന്തോഷിച്ചത്?
- ഈ കഥ വായിച്ചപ്പോൾ മനുഷ്യരുടെ സഹോദരങ്ങളായി ആരൊക്കെ വരാമെന്നാണ് നിങ്ങൾ കണ്ടെത്തിയത്?
- സിതാരയുടെ അനുഭവം വായിച്ചപ്പോൾ നമുക്കത് നമ്മുടെ അനുഭവമായി തോന്നിയില്ലേ. നിങ്ങളും നിങ്ങളുടെ അനുഭവമെഴുതൂ. മറ്റുള്ളവരുമായി പങ്കുവയ്ക്കൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • കവിതയിലെ സംഭവങ്ങൾ ക്രമത്തിലെഴുതിയ കുറിപ്പ്, കുട്ടിയുമായി നടത്തുന്ന സംഭാഷണം (റൊട്ടി)<br>• പുതിയ പദങ്ങൾ അക്ഷരമാലാക്രമത്തിൽ, മാവ് നമ്മോടു പറയുന്നത് - രചന, ചിത്രത്തിലെ ആന പറയുന്നത് - കുറിപ്പ് (ചെടി നമ്മോടു പറയുന്നത്)<br>• സിനിമ കണ്ട് സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയ കുറിപ്പ് |
| രചനാശേഖരം | • കവിതയ്ക്കു ചേർന്ന ചിത്രം, കുറിപ്പ് - ചിത്രവായന, കേട്ട കഥ സ്വന്തം വാക്യത്തിൽ എഴുതിയത് (റൊട്ടി)<br>• ചെടി നമ്മെ പഠിപ്പിക്കുന്നത് - കുറിപ്പ്<br>• മാവ് നമ്മോടു പറയുന്നത് - മെച്ചപ്പെടുത്തിയ രചന<br>• അനുഭവക്കുറിപ്പ് (പൂമ്പാറ്റുമ്മ) |
| ഓഡിയോ | • കവിത ചൊല്ലൽ (റൊട്ടി)<br>• അനുഭവക്കുറിപ്പു വായന (പൂമ്പാറ്റുമ്മ) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • കവിത ചൊല്ലൽ (റൊട്ടി)<br>• സ്വന്തം രചന - അവതരണം (ചെടി നമ്മോടു പറയുന്നത്) -ചില കുട്ടികൾക്ക് അവസരം |
| ബാലസഭ | • കവിത ചൊല്ലൽ (റൊട്ടി)<br>• സ്വന്തം രചന - അവതരണം (ചെടി നമ്മോടു പറയുന്നത്) -വേറെ ചില കുട്ടികൾക്ക് അവസരം |
| അസംബ്ലി | • കവിത ചൊല്ലൽ (റൊട്ടി) -മറ്റു ചില കുട്ടികൾക്ക് അവസരം |
| പുറംചുമർ പ്രദർശനം | • കവിതയ്ക്കു ചേർന്ന ചിത്രം (റൊട്ടി) |
| ബാലമാസിക | • സ്വന്തം രചന (ചെടി നമ്മോടു പറയുന്നത്) |



# 6

# മാനത്തോളം

പാദമൂന്നിനിന്ന്
വിണ്ണിലേയ്ക്കെത്തിനോക്കുന്നു
ഭൂമിയുടെ മോഹങ്ങൾപോലെ, മരങ്ങൾ.

*രവീന്ദ്രനാഥ ടാഗോർ*



## ഒത്തുപിടിച്ചോളിൻ

ഒത്തുപിടിച്ചോളിൻ നമ്മള്
ഒന്നായ് നിന്നോളിൻ
അക്കരെയിക്കരെയെല്ലാം നോക്കി
കണ്ടുവളർന്നോളിൻ.
ഓലേഞ്ഞാലിക്കിളിയൊടൊപ്പം
ഒത്തുപറന്നോളിൻ
ഒത്തിരിയൊത്തിരിയൊത്തിരിക്കാര്യം
ഓർത്തുനടന്നോളിൻ.
മാനം നോക്കി സഞ്ചാരത്തിനു തയ്യാറാണെങ്കിൽ
ആഹാ, തയ്യാറാണെങ്കിൽ
മാനത്തെത്തറ നക്ഷത്രങ്ങളെണ്ണിപ്പോന്നോളിൻ
മാനത്തോളം വലുതാവാനൊന്നായ് നിന്നോളിൻ
മാനവരൊന്ന് നാമിന്നൊന്ന് പാടിനടന്നോളിൻ
പാടിനടന്നോളിൻ... പാടിനടന്നോളിൻ.

*സി. ആർ. ദാസ്*

- കൂട്ടായി താളമിട്ടു ചൊല്ലൂ.
- മാനത്തോളം വലുതാവുക എന്നു പറഞ്ഞാൽ എന്താണ്?
- മാനത്തോളം വലുതാവാൻ നമ്മളെന്തെല്ലാം ചെയ്യണം?

# എല്ലാർക്കുമമ്മയാം ഭൂമി

ജനിച്ചപ്പോൾ നാമെല്ലാം എത്ര ചെറുതായിരുന്നു! പിന്നെപ്പിന്നെ വളർന്നു വലുതാവുകയല്ലേ നമ്മൾ? നാം വളരുന്നതിനൊപ്പം നമ്മുടെ വീടും വലുതാവാറുണ്ടോ?
'വീടു വലുതാവുന്നു' എന്ന ഈ കഥ വായിക്കൂ.



## വീടു വലുതാവുന്നു

അമ്മുക്കുട്ടി ഒരു വീടു വരച്ചു. കൊച്ചുവീട്. "ഇതെന്റെ പുന്നാരവീട്.
ഈ വീട്ടിൽ ഞാൻ മാത്രം" "അപ്പോൾ ഞങ്ങളോ?"
അച്ഛനും അമ്മയുമാണ്.
"പിന്നെന്താ?" അവൾ വീടിത്തിരി വലുതാക്കി.
"ഞാനെവിടെ പോകും?" ഏട്ടനുണ്ട്, മുഖം വീർപ്പിച്ച്.
പാവം ഏട്ടൻ! വീടു പിന്നെയും വലുതായി.

"മ്യാവൂ, മ്യാവൂ!" കുറിഞ്ഞിപ്പൂച്ചയും കുഞ്ഞിപ്പൂച്ചകളും.
അവർ എവിടെപ്പോകാൻ? കോലായ നീട്ടി പൂച്ചക്കൂടാക്കി.
"തത്തമ്മേ, പൂച്ച പൂച്ച!" കൂട്ടിൽനിന്നു പിണങ്ങിയിറങ്ങി, രാരിത്തത്തമ്മ.



ശ്ശോ, മറന്നു! രാരിത്തത്തമ്മയ്ക്കും കിട്ടി വീട്ടിൽ ഇത്തിരി സ്ഥലം.
അമ്മുക്കുട്ടിയുടെ ചെറിയ വീട് വലുതായി, വലുതായി.
"ഇപ്പോൾ ഞങ്ങളെ വേണ്ട, ല്ലേ?" "അയൽക്കാരായാലും സ്വന്തം പോലല്ലേ?"
കൂട്ടുകാർ, അയൽക്കാർ, ഈച്ച, പൂച്ച, പൂമ്പാറ്റ, കോഴി, ഉറുമ്പ്, പാമ്പ്, പറവകൾ... എല്ലാമുണ്ട്. ഇപ്പോഴിത് കൊച്ചുവീടേയല്ല.
വലിയ വലിയ ഒരു വീട്!
"ഇപ്പോഴാണ് ഇതൊരു വീടായത്!" അമ്മുക്കുട്ടി വീടിന്റെ ചന്തം നോക്കി.





താൻ മാത്രമുള്ള വീട് എത്ര വിരസം. എല്ലാവരും വന്നപ്പോൾ എത്ര രസം!
അപ്പോഴൊരു തണുത്ത കാറ്റുവീശി. പിന്നാലെ മഴയും തുടങ്ങി.
നനയാതിരിക്കാൻ, വലിയൊരു കുട വരച്ചുണ്ടാക്കി, അമ്മുക്കുട്ടി.
തരിമ്പും നനഞ്ഞില്ല, ആരും.
"എന്റെ വീടല്ല, നമ്മുടെ വീട്!" അമ്മുക്കുട്ടി തിരുത്തി.
അവരെല്ലാം ചേർന്ന് ആടിപ്പാടി. അവളും അവർക്കൊപ്പം കൂടി.

"അമ്മുക്കുട്ടിയൊരു നല്ല മോള്,
നമ്മുടെ വീടൊരു നല്ല വീട്!"

*ഡോ. കെ. ശ്രീകുമാർ*
*(വീടു വലുതാവുന്നു)*

- അമ്മുക്കുട്ടി മാത്രമുള്ള വീടാണോ, അതോ എല്ലാവരുമുള്ള വീടാണോ നിങ്ങൾക്കിഷ്ടമായത്? എന്തുകൊണ്ട്?
- 'വീടു വലുതാവുന്നു' എന്നാണു കഥയുടെ പേര്. എന്തിനാണ് വീട് ഇങ്ങനെ വലുതാക്കിയത്?
- വീട്ടിൽ സ്ഥലം വർധിപ്പിച്ചാൽ മാത്രം വീടു വലുതാവുമോ? ശരിക്കും വീടു വലുതാവുന്നത് എപ്പോഴാണ്? ചർച്ചചെയ്യൂ.
- 'ഒറ്റയ്ക്കിരുന്നു മുഷിഞ്ഞ നാളിൽ' എന്ന കവിത ടീച്ചർ ചൊല്ലിത്തന്നല്ലോ. ആ കവിതയിൽ വരികൾ കൂട്ടിച്ചേർക്കൂ.
- ആരെല്ലാമാണ് ഭൂമിയുടെ അവകാശികൾ? കഥയെ അടിസ്ഥാനമാക്കി ചർച്ചചെയ്തു കണ്ടെത്തൂ.
- കണ്ടെത്തിയ കാര്യങ്ങൾ ചേർത്ത് പോസ്റ്റർ തയ്യാറാക്കൂ.
- പിണങ്ങി, ഇറങ്ങി എന്നീ വാക്കുകൾ ചേർന്നതാണ് പിണങ്ങിയിറങ്ങി എന്ന ഒറ്റ വാക്ക്. ഇതുപോലെ ഒന്നിലധികം വാക്കുകൾ ചേർന്നുവരുന്ന മറ്റേതെല്ലാം വാക്കുകൾ കണ്ടെത്താനാവും?



ഭൂമി എല്ലാ ജീവികളുടേതുമാണ്. എന്നാൽ ഭൂമിയിൽ ഓരോരുത്തർക്കും അവരുടേതായ വാസസ്ഥലവും ഉണ്ട്. സ്വന്തം ഇടം നഷ്ടപ്പെട്ട ഒരു ചങ്ങാതിയുടെ കഥ വായിക്കൂ.

# വീട്ടിൽ പോണം

വൈകുന്നേരമായാൽ കുളത്തിന്റെ കരയിൽ ആരുമുണ്ടാവില്ല. സ്കൂൾ വിട്ടുവന്നാൽ ഷൈല എന്നും കുളക്കടവിൽ വന്നിരിക്കുന്നതു പതിവാണ്. അവൾക്കു കൂട്ടുകാർ ആരുമില്ല. അങ്ങനെ വന്നിരിക്കുമ്പോഴാണ് ഒരു ദിവസം പരൽമീൻ വന്ന് അവളെ നോക്കി ചിരിച്ചത്. പിന്നെ അതു പതിവായി.



ഷൈല പരൽമീനിനോട് സ്കൂൾവിശേഷങ്ങളും വീട്ടുവിശേഷങ്ങളുമെല്ലാം പങ്കുവയ്ക്കും. തിന്നാൻ കിട്ടിയതിലൊരു പങ്ക് പരലിനുവേണ്ടി അവൾ പാത്തുവച്ച്, കൊണ്ടുവന്നു കൊടുക്കും.
അങ്ങനെയങ്ങനെ, ഷൈലയുടെ തീറ്റസാധനങ്ങൾ തിന്നുതിന്നും നാട്ടുവിശേഷങ്ങൾ കേട്ടുകേട്ടും, അവർ വലിയ കൂട്ടായി. ഒരു ദിവസംപോലും അവർക്കു പരസ്പരം കാണാതിരിക്കാൻ കഴിയാതായി.
പരലിനെ വിട്ട് ഷൈല എങ്ങും പോവില്ല, വിരുന്നിനുപോലും.

വൈകുന്നേരമായാൽ ഷൈലയുടെ വിശേഷങ്ങൾ കേൾക്കാൻ പരൽ കാത്തുകിടക്കുന്നതു പതിവായി. അവളുടെ വർത്തമാനങ്ങൾ പരലിന് മനസ്സിലായിരുന്നതുപോലെ, പരലിന്റെ ചുണ്ടനക്കങ്ങൾ ഷൈലയ്ക്കും മനസ്സിലാവുമായിരുന്നു. തന്റെ വീടു കാണണമെന്ന പരലിന്റെ മോഹം അങ്ങനെയാണ് ഷൈല തിരിച്ചറിഞ്ഞത്.



ഒരു നാൾ പരലിന്റെ നിർബന്ധത്തിനു വഴങ്ങി ഷൈല അവളെ ഒരു കുപ്പിയിലാക്കി. വീട്ടിലെ ജനൽപ്പടിയിൽ ഒളിപ്പിച്ചുവച്ചു.

പരൽ അവിടെയിരുന്ന് ഷൈലയുടെ വീട്ടുവിശേഷങ്ങൾ കണ്ടു. അവളുടെ അമ്മയെ കണ്ടു. അച്ഛന്റെ തമാശകൾ കേട്ടു. ടീവിയിലെ പാട്ടും കളിയും കണ്ടു. അവളുടെ കളിപ്പാട്ടങ്ങൾ കണ്ടു. ഉടുപ്പുകൾ, വളകൾ, പൊട്ടുകൾ എല്ലാം കുപ്പിയിൽക്കിടന്നു കണ്ടു. അത്താഴം കഴിക്കുന്ന നേരത്ത് ആരും കാണാതെ ഒന്നുരണ്ടു വറ്റുകൾ ഷൈല വിരുന്നുകാരിക്ക് കുപ്പിയിൽ വിളമ്പി.





പരൽ അതു സന്തോഷത്തോടെ കഴിച്ചു. വീട്ടിലെ കളിതമാശകളെല്ലാം കണ്ട് പരലിന്റെ മനം നിറഞ്ഞു. കിടക്കുന്നതിനുമുമ്പ് ഷൈല വന്നു ഗുഡ് നൈറ്റ് പറഞ്ഞു. അല്പനേരം കഴിഞ്ഞപ്പോൾ വീട്ടിലെ വിളക്കുകളെല്ലാം അണഞ്ഞു.

എല്ലാവരും ഉറക്കത്തിലായിരുന്ന സമയത്താണ് ഒട്ടും പരിചയമില്ലാത്ത ഒരു ശബ്ദം കേട്ട് വീടു ഞെട്ടിയത്. വീട്ടിലെ വിളക്കുകളെല്ലാം തെളിഞ്ഞു. പതിവില്ലാതെ ഷൈലയും ഉണർന്നു. അച്ഛനും അമ്മയും എത്ര തിരഞ്ഞിട്ടും ശബ്ദം എവിടുന്നാണെന്ന് കണ്ടെത്താനായില്ല. പക്ഷെ പരലിന്റെ അടുത്തുചെന്ന ഷൈലയോട് അവൾ കരഞ്ഞുപറഞ്ഞു: "എനിക്ക് എന്റെ വീട്ടിൽ പോണം."

*എം. കൃഷ്ണദാസ്.*
*(വീട്ടുകഥകൾ)*

- കഥയിലെ ഇഷ്ടപ്പെട്ട ഭാഗം ചിത്രീകരിച്ച് നിറം കൊടുക്കൂ.
- എന്തുകൊണ്ടായിരിക്കാം പരൽമീൻ 'എനിക്ക് എന്റെ വീട്ടിൽ പോണം' എന്നു പറഞ്ഞത്? ചർച്ചചെയ്യൂ.
- സ്വന്തം വാസസ്ഥലം നഷ്ടപ്പെടുന്ന വേറെയും ജീവികളുണ്ടല്ലോ. സങ്കടങ്ങൾ പറഞ്ഞുകൊണ്ട് അവർ എഴുതാനിടയുള്ള കത്തു തയ്യാറാക്കൂ.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
| നോട്ടുപുസ്തകം | • പൂരിപ്പിച്ച കവിത (വീടു വലുതാവുന്നു)<br>• കണ്ടെത്തിയ പദക്കൂട്ടുകൾ (വീടുവലുതാവുന്നു)<br>• പോസ്റ്റർ (വീടുവലുതാവുന്നു)<br>• കത്ത് - ജീവികളുടെ സങ്കടം (വീട്ടിൽ പോണം) |
| രചനാശേഖരം | • ചിത്രീകരണം (വീട്ടിൽ പോണം)<br>• കവിത രചന (വീടുവലുതാവുന്നു)<br>• കത്ത് - ജീവികളുടെ സങ്കടം (വീട്ടിൽ പോണം) |
| ഓഡിയോ | • കവിതചൊല്ലൽ (ഒത്തുപിടിച്ചോളിൻ)<br>• സ്വന്തം കവിത ചൊല്ലൽ (വീടുവലുതാവുന്നു) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
| പ്രഭാത സർഗവേള | • കഥവായന (വീട്ടിൽ പോണം)<br>• സ്വന്തം കവിത ചൊല്ലൽ (വീടുവലുതാവുന്നു) |
| ബാലസഭ | • ഒത്തുപിടിച്ചോളിൻ - കൂട്ടപ്പാട്ട്<br>• കഥവായന (വീട്ടിൽ പോണം, വീടുവലുതാവുന്നു) - ചില കുട്ടികൾക്ക് അവസരം |
| പുറംചുമർ പ്രദർശനം | • പോസ്റ്റർ (വീടുവലുതാവുന്നു) |
| നവമാധ്യമം | • പോസ്റ്റർ (വീടുവലുതാവുന്നു)<br>• സ്വന്തം കവിത ചൊല്ലൽ (വീടുവലുതാവുന്നു) |



# കാഴ്ചയ്ക്കപ്പുറം

ടീച്ചർ ഒരു മാജിക് കാണിച്ചു തന്നില്ലേ? അതിൽ ഒരു ചെറിയ സൂത്രം മാത്രമേ ഉള്ളൂ. അതെന്താണെന്ന് കണ്ടെത്തിയില്ലേ? ശാസ്ത്രത്തിന്റെ സഹായത്തോടെയാണ് പലരും പല അദ്ഭുതങ്ങളും കാണിക്കുന്നത്. ചിലപ്പോൾ ചിലർ അദ്ഭുതങ്ങൾ കാട്ടി നമ്മെ പറ്റിക്കും. നാം ശാസ്ത്രം പഠിക്കുന്ന കുട്ടികളാണ്. ആർക്കും നമ്മെ കബളിപ്പിക്കാൻ സാധിക്കരുത്. അദ്ഭുതക്കാഴ്ചകൾക്കു പിന്നിലെ രഹസ്യം കാട്ടിത്തരികയാണ് പാപ്പുട്ടിമാഷ്.
മാഷ് എഴുതിയ ഒരു മാജിക് കഥ വായിക്കൂ.

## കുപ്പി പഴം വിഴുങ്ങ്ണ കാണണോ?

ശ്രീദേവി വന്നപാടെ കൈയിലിരുന്ന കുപ്പി മാഷുടെ മേശപ്പുറത്തു വച്ചു. അല്പം വലിയ വായുള്ള മുഴുത്ത കുപ്പി.

മാഷു ചോദിച്ചു: "ചിരുതക്കുട്ടിയെന്താ ഇന്നൊരു കുപ്പിയുമായി? നാളെ വീട്ടിൽ കള്ളപ്പം ഉണ്ടാക്കുന്നുണ്ടോ?"

"ഇതു കള്ളുവാങ്ങുന്ന കുപ്പിയൊന്നുമല്ല, മാഷേ. ഇതൊരദ്ഭുതക്കുപ്പിയാ. പഴം വിഴുങ്ങ്ണ കുപ്പി!"

"പഴം വിഴുങ്ങുന്ന കുപ്പിയോ? കൊള്ളാലോ, അതൊന്നു കണണല്ലോ."

"അതിനു പഴം എവിടെ?"

"പഴം ഞാനിപ്പോ കൊണ്ടത്തരാം." ഉണ്ണി അടുക്കളയിലേക്കോടി. ഒരു റോബസ്റ്റ പഴവുമായി അവൻ തിരിച്ചുവന്നു. പഴത്തിന്റെ തൊലി അല്പം നീക്കി അവൻ അത് കുപ്പിയുടെ വായിൽ കാണിച്ചു.

"ഇത് തിന്നിണില്ലല്ലോ?"





"എല്ലാരും കൊടുത്താ തിന്നൂല, പൊട്ടാ.
ഉടമസ്ഥൻതന്നെ കൊടുക്കണം."
അവൾ പഴം വാങ്ങി തൊലിയുരിഞ്ഞഭാഗം
കുപ്പിയുടെ വായിൽ കടത്തിവച്ചിട്ടു
പറഞ്ഞു: "കുപ്പീ, തിന്നോളൂ."
ഒന്നും സംഭവിക്കുന്നില്ലെന്നു
കണ്ടപ്പോൾ ഉണ്ണി കളിയാക്കാൻ തുടങ്ങി.

അവൻ പറഞ്ഞു: “ഈ ചേച്ചിക്ക് ഒന്നുമറിയില്ല, അല്ലേ അച്ഛാ.
കുപ്പി പഴം തിന്ന്വോ?”
“പഴം തിന്നും. ഇപ്പം വെശപ്പില്ലാഞ്ഞിട്ടാ.” ശ്രീദേവി ഉറപ്പിച്ചു പറഞ്ഞു.
“നൊണ, നൊണ, പച്ചനൊണ.” ഉണ്ണി കൂവിയാർത്തു.
ശ്രീദേവി ഒരധ്യാപികയുടെ ഗൗരവത്തിൽ പറഞ്ഞു:
“എന്നാ നീ പോയി ഒരു തീപ്പെട്ടി എടുത്തോണ്ടുവാ.”
“അതെന്തിനാ?”
“കുപ്പിക്കു വെശപ്പുണ്ടാക്കാൻ.”
വിശ്വാസം വന്നില്ലെങ്കിലും അവൻ ഓടിപ്പോയി തീപ്പെട്ടി എടുത്തുകൊണ്ടു വന്നു. ശ്രീദേവി കുപ്പിയുടെ വായിൽനിന്ന് പഴം എടുത്തുമാറ്റി. എന്നിട്ട് തീപ്പെട്ടിയുരച്ച് ഒരു കഷണം കടലാസു കത്തിച്ച് കുപ്പിക്കുള്ളിലിട്ടു. അതു കത്തിത്തീരും മുമ്പെ പഴം ആദ്യത്തെപോലെ കുപ്പിയുടെ വായിൽ തിരുകി. പിന്നെ മാന്ത്രികയെപ്പോലെ ചില അംഗവിക്ഷേപങ്ങൾ കാട്ടിക്കൊണ്ട് ആജ്ഞാപിച്ചു: “കുപ്പീ, പഴം വിഴുങ്ങിക്കോളൂ. വൺ, ടു, ത്രീ...”
അദ്ഭുതമെന്നു പറയട്ടെ, പഴം പതുക്കെ കുപ്പിക്കുള്ളിലേക്ക് ഇറങ്ങിയിറങ്ങിപ്പോയി. തൊലി മാത്രം കുപ്പിയുടെ വായ മൂടിക്കൊണ്ട് പുറത്തും. ഉണ്ണി വായ പൊളിച്ച് അതു കണ്ടുനിന്നു.
മാഷ്ക്ക് നല്ല രസം തോന്നി.
മാഷ് പറഞ്ഞു: “കൊള്ളാം, ആരാ നിനക്കീ വിദ്യ കാണിച്ചു തന്നെ?”
“ഞങ്ങടെ സയൻസ്മാഷ് ഇതു കാണിച്ചു തന്നിട്ട് ഞങ്ങളോടു ചോദിച്ചു, പഴം എന്തുകൊണ്ടാ കുപ്പീലേക്ക് ഇറങ്ങിപ്പോയതെന്ന്.”
“എന്നിട്ട് നീ എന്തു പറഞ്ഞു?”
“ഞാൻ മാത്രല്ല, ആരും ഉത്തരം പറഞ്ഞില്ല.
നാളേയ്ക്ക് ആലോചിച്ചു വരാൻ പറഞ്ഞു, മാഷ്.
ശരിയായ ഉത്തരം പറയുന്നോർക്ക് സമ്മാനമുണ്ട്.”
“ഓ, ഇപ്പം മനസ്സിലായി, കുപ്പീം എടുത്തു വന്നതിന്റെ രഹസ്യം.
എന്നെ കുപ്പീലാക്കാനാ. എന്തായാലും ഞാൻ പറഞ്ഞു തരില്ല.
നീ പറഞ്ഞാ അതു ശരിയാണോന്ന് പരിശോധിക്കാൻ
ഞാനും കൂടാം.”
“ആയിക്കോട്ടെ, അതു മതി. എന്നാ പറയട്ടെ?”
"ഓ, പറഞ്ഞോളൂ.”



“കടലാസു കത്തിച്ചിട്ടപ്പം കുപ്പിക്കുള്ളിലെ വായു ചൂടുപിടിച്ചു വികസിച്ചു. കൊറേ പൊറത്തേക്കു പോയി. തണുക്കും മുമ്പെ പഴം കൊണ്ട് വായ അടച്ചു. പിന്നെ, തണുത്തപ്പം ഉള്ളിലെ മർദം കൊറഞ്ഞു. അപ്പം പുറത്തുനിന്നുള്ള അധികമർദം പഴത്തെ ഉള്ളിലേക്കു തള്ളി. ശരിയല്ലേ?”

“ആരാ നെനക്ക് ബുദ്ധിയില്ലെന്നു പറഞ്ഞേ! നാളെ നിന്റെ സയൻസ് മാഷ്ക്ക് ഈ വിശദീകരണം കൊടുത്ത് സമ്മാനം വാങ്ങീട്ട് വേറൊരു പരീക്ഷണം കൂടി കാണിച്ചു കൊടുക്കണം കേട്ടോ.”

മാഷ് കടലാസു മുറിക്കുന്ന കത്തി കുപ്പിക്കുള്ളിൽ കടത്തി പഴം കഷണങ്ങളാക്കി പുറത്തെടുത്ത ശേഷം, ഒരു കടലാസു കഷണം കൂടി അതിൽ കത്തിച്ചിട്ടു. അതുമുഴവൻ കത്തിത്തീരും മുമ്പെ കൈവെള്ള കൊണ്ട് കുപ്പി അമർത്തിയടച്ചു. അല്പം കഴിഞ്ഞു കൈ പൊക്കിയപ്പം കുപ്പിയും കൂടെ പൊങ്ങി. അതു കൈയിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു.

ഉണ്ണി ചാടി കുപ്പിയിൽ പിടിച്ചുവലിച്ചു നോക്കി. പോരുന്നില്ല. നല്ല ശക്തിയോടെ വലിച്ചപ്പോൾ ‘ടപ്പ് ’ എന്നൊരു ശബ്ദത്തോടെ കുപ്പി വേറിട്ടു പോന്നു.



മാഷ് പറഞ്ഞു: "കണ്ടോ, അന്തരീക്ഷം എത്ര ശക്തിയോടെയാണ് കൈയിനെ അമർത്തിവച്ചിരുന്നത്! വിടുവിച്ചപ്പം വായു കുപ്പിക്കുള്ളിലേക്കു തള്ളിക്കയറിയ ശബ്ദം കേട്ടില്ലേ?"

"ഞാനിതു നാളെ ക്ലാസിൽ കാണിക്കും."

ശ്രീദേവി ഒന്നു ഷൈൻ ചെയ്യാൻ കിട്ടിയ അവസരത്തിൽ സന്തുഷ്ടയായി.

ഇതിനകം ഉണ്ണി പരീക്ഷണം നടത്തി കൈ പൊള്ളിച്ചുകഴിഞ്ഞിരുന്നു. കടലാസു കത്തിത്തീരുംമുമ്പെ കൈകൊണ്ട് പൊത്തിപ്പിടിച്ചതാണ് കാരണം. പക്ഷേ, അതൊന്നും കാര്യമാക്കാതെ അവനതാ അടുത്ത കടലാസുകഷണത്തിനു തീ കൊടുത്തുകഴിഞ്ഞു.

*പ്രൊഫ. കെ. പാപ്പൂട്ടി*
*(ചിരുതക്കുട്ടിയും മാഷും)*



- ശ്രീദേവിയും മാഷും ചെയ്ത പരീക്ഷണങ്ങൾ ചെയ്തുനോക്കൂ. ഉണ്ണിയെപ്പോലെ കൈ പൊള്ളിക്കരുതേ. പരീക്ഷണം ചെയ്തപ്പോൾ നിങ്ങൾക്കുണ്ടായ അനുഭവം എഴുതൂ.
- മാഷിനെയും ശ്രീദേവിയെയും അമ്പരപ്പിച്ചുകൊണ്ട് ഉണ്ണി കാണിച്ച ഒരു മായാജാലത്തിന്റെ ചിത്രം കണ്ടല്ലോ. അത് നിങ്ങൾ ചെയ്തുനോക്കൂ. ചെയ്തപ്പോഴുണ്ടായ അനുഭവം എഴുതൂ.

- ഇത്തരത്തിൽ ചില മായാജാലങ്ങൾ കണ്ടെത്തി നിങ്ങൾക്കും ക്ലാസിൽ അവതരിപ്പിക്കാമല്ലോ. ശാസ്ത്ര മായാജാലങ്ങൾ കണ്ടെത്താൻ സഹായകമായ പുസ്തകങ്ങൾ ലൈബ്രറിയിൽ നിന്നെടുത്ത് വായിക്കൂ. അവ ക്ലാസിൽ അവതരിപ്പിക്കൂ.
- ക്ലാസിൽ നടക്കുന്ന മായാജാലപ്രദർശനത്തിന്റെ അറിയിപ്പു തയ്യാറാക്കി ക്ലാസ്/സ്കൂൾ ഗ്രൂപ്പിൽ പങ്കുവയ്ക്കൂ.
- ശാസ്ത്രപരീക്ഷണങ്ങൾ വളരെ രസകരമാണ്. ഇതുപോലെ രസകരമായ നിരവധി കൗതുകക്കാഴ്ചകൾ നമുക്കുചുറ്റും ഉണ്ട്. ഇത്തരം കൗതുകങ്ങൾ ടീച്ചർ നിങ്ങൾക്ക് വായിക്കാൻ തരും. അവ വായിച്ച് കണ്ടെത്തിയ കാര്യങ്ങൾ  കൂട്ടുകാരുമായി പങ്കുവയ്ക്കൂ.
- ശ്രീദേവി മാന്ത്രികയെപ്പോലെ ചില അംഗവിക്ഷേപങ്ങൾ കാട്ടിക്കൊണ്ട് ആജ്ഞാപിച്ചു: 'കുപ്പീ, പഴം വിഴുങ്ങിക്കോളൂ. വൺ, ടു, ത്രീ...' എന്താണീ അംഗവിക്ഷേപം? കൈയും കാലും തലയും എല്ലാം ഒരു പ്രത്യേക രീതിയിൽ ചലിപ്പിക്കുന്നതിനാണ് അംഗവിക്ഷേപം എന്നു പറയുക. കുപ്പിയോട് പഴം വിഴുങ്ങാൻ പറയുമ്പോൾ ശ്രീദേവി കാട്ടിയ അംഗവിക്ഷേപം എന്താവും? കാണിക്കൂ.
- ഇതുപോലെ മറ്റേതെങ്കിലും സന്ദർഭങ്ങളിൽ കാണിക്കുന്ന അംഗവിക്ഷേപങ്ങൾ ക്ലാസിൽ അവതരിപ്പിക്കൂ.
- 'പഴം പതുക്കെ കുപ്പിക്കുള്ളിലേക്ക് ഇറങ്ങിയിറങ്ങിപ്പോയി.' ഇവിടെ ഇറങ്ങിപ്പോയി എന്നു പറഞ്ഞാലും നമുക്ക് കാര്യം മനസ്സിലാവും. ഇറങ്ങിയിറങ്ങിപ്പോയി എന്ന് പറയുന്നതെന്തിനാവും? പ്രവൃത്തിയെ സൂചിപ്പിക്കുമ്പോൾ വാക്കുകൾ ആവർത്തിച്ചു പറയുന്ന മറ്റു സന്ദർഭങ്ങൾ പറയാമോ?
- എന്തെങ്കിലും കാര്യം സാധിക്കാനായി ഒരാളോട് ഇഷ്ടം കൂടുന്നതിന് നാം 'സോപ്പിടുക' എന്നു പറയാറുണ്ട്. ഇതിന് സോപ്പുമായി ഒരു ബന്ധവുമില്ല. ഇതുപോലെ ഒരു പ്രയോഗം പാഠഭാഗത്തുണ്ട്. അതു കണ്ടെത്തൂ. ഇത്തരത്തിൽ ഒന്നുപറഞ്ഞ് മറ്റൊരർഥം സൂചിപ്പിക്കുന്ന കൂടുതൽ വാക്കുകൾ കണ്ടെത്തി എഴുതൂ.
- 'വലിയ വായുള്ള മുഴുത്ത കുപ്പി' - കുപ്പി എന്നതിനു മുന്നിൽ മുഴുത്ത എന്നു ചേർത്തപ്പോൾ എന്തു വ്യത്യാസമാണ് ഉണ്ടായത്? വായുള്ള മുഴുത്ത കുപ്പി എന്നു പറയുമ്പോഴോ? വലിയ വായുള്ള മുഴുത്ത കുപ്പി എന്നു പറയുമ്പോഴോ? ഇതുപോലെ ഒരു വാക്കിനെ വിശേഷിപ്പിക്കാൻ ഒന്നിലധികം വാക്കുകൾ ചേർത്തു പറയാം. അതിന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താമോ?

ശാസ്ത്രത്തിന്റെ സഹായത്തോടെ നാം പല അദ്ഭുതങ്ങളും പ്രവർത്തിക്കുന്നു. അത്തരമൊരു അദ്ഭുതം കാണിച്ചുതരുന്ന ഈ കാർട്ടൂൺ നോക്കൂ.




*കെ സതീഷ് (മണിമുത്തുകൾ)*

- അകലെയുള്ളവയെ അടുത്ത് വലുതാക്കി കാണിച്ചു തരുന്ന ഉപകരണമാണല്ലോ ദൂരദർശിനി. അത് തിരിച്ചും മറിച്ചും പിടിച്ചുനോക്കി കാഴ്ചയിൽ വരുന്ന മാറ്റങ്ങൾ ആസ്വദിക്കൂ.

ചില മായാജാലങ്ങൾ നാം ചെയ്യാറുണ്ടല്ലോ.
പ്രകൃതിയിലും ഇത്തരം മായാജാലങ്ങളുണ്ട്.
അദ്ഭുതകരമായ ഒരു മായാജാലത്തെപ്പറ്റി വായിക്കൂ.

## മായാജാലം

എന്റെ കൈയിൽ എന്തിരിപ്പൂ?
ചെമ്പരുത്തി ചോദിച്ചൂ.
നിന്റെ കൈയിൽ ഒന്നുമില്ലാ
ഇന്നലെ നാം വാദിച്ചൂ.
ഇന്നു കൈ തുറന്നു കാട്ടി
നമ്മളെല്ലാം നാണിച്ചൂ.
എന്തു നല്ല പട്ടുറുമാൽ
ഒന്നു മുത്താൻ മോഹിച്ചൂ!

*കടവനാട് കുട്ടികൃഷ്ണൻ*
*(വഴിമുത്ത്)*



- കവിത താളത്തിൽ ചൊല്ലൂ.
- ഇതുപോലെ നമുക്കുചുറ്റും മറ്റെന്തെല്ലാം അദ്ഭുതങ്ങൾ ഉണ്ട്? ചർച്ചചെയ്യൂ.
- കണ്ടെത്തിയ അദ്ഭുതങ്ങളെക്കുറിച്ച് എഴുതൂ. കവിതയോ, കഥയോ, വിവരണമോ എന്തുമാവാം.

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിവരം |
|---|---|
| നോട്ടുപുസ്തകം | • അനുഭവക്കുറിപ്പ് (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• മാജിക് ഷോ അറിയിപ്പ് (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• വിശേഷണപദങ്ങൾ (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• മാന്ത്രികപ്പാത്രം കിട്ടിയാൽ (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• കവിത/കഥ/വിവരണം (മായാജാലം)<br>• പ്രകൃതിയിലെ അദ്ഭുതങ്ങൾ - രചന (മായാജാലം) |
| രചനാശേഖരം | • അനുഭവക്കുറിപ്പ് (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• മാന്ത്രികപ്പാത്രം കിട്ടിയാൽ (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• പ്രകൃതിയിലെ അദ്ഭുതങ്ങൾ - രചന (മായാജാലം) |
| ഓഡിയോ | • കവിത ചൊല്ലൽ (മായാജാലം) |
| വീഡിയോ | • അംഗവിക്ഷേപങ്ങൾ (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിവരം |
|---|---|
| പ്രഭാത സർഗവേള | • കവിത ചൊല്ലൽ (മായാജാലം)<br>• മാജിക് അവതരണം (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?) |
| ബാലസഭ | • മാജിക് അവതരണം (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?)<br>• കവിത ചൊല്ലൽ (മായാജാലം)<br>• പ്രകൃതിയിലെ അദ്ഭുതങ്ങൾ - രചന (മായാജാലം) |
| നവമാധ്യമം | • മാജിക്ഷോ അറിയിപ്പ് (കുപ്പി പഴം വിഴുങ്ങ്ണ കാണണോ?) |

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34

ഫോൺ 0471 – 2326603

ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400

കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***